# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 04 JULY 2025 | ക്രിസ്തീയ കുടുംബ മാസിക



"ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല;
ഒരു ബാധയും നിന്റെ കൂടാരത്തിന്നു അടുക്കയില്ല."

(സങ്കീർത്തനങ്ങൾ 91:10)

EDITORIAL

# സമാധാനം

ലോകത്തിൽ എവിടെ നോക്കിയാലും ശാന്തിയും സമാധാനവും ഇല്ലാത്ത അവസ്ഥയാണ്. റഷ്യ-ഉക്രൈൻ പോരാട്ടം ഇപ്പോഴും തുടരുന്നു. യിസ്രായേൽ-ഹമാസ് പോരാട്ടത്തിൽ ഇതുവരെ 46000-ൽ പരം പേർക്ക് ജീവഹാനി സംഭവിച്ചു. അതിൽ സിംഹഭാഗവും നിരപരാധികളായ സ്ത്രീകളും കുട്ടികളുമാണെന്നുള്ളത് നമ്മെ വേദനിപ്പിക്കേണ്ടതാണ്. അനേകായിരങ്ങൾ ഒരുനേരത്തെ ആഹാരത്തിനായി ആർത്തിയോടെ ഭക്ഷണവിതരണ ഏജൻസികളുടെ പിന്നാലെ പായുന്നു. അനേകർ വീണ് മരിക്കുന്നു. ഇതൊന്നും കാണാൻ യുദ്ധവെറിപൂണ്ട ഭരണാധികാരികൾക്ക് കണ്ണില്ല. ഇപ്പോൾ നടക്കുന്ന യിസ്രായേൽ-ഇറാൻ യുദ്ധം രണ്ട് രാജ്യങ്ങളിലും ഗണ്യമായ നാശനഷ്ടങ്ങളാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. ഇറാന്റെ ആണവായുധ നിർമ്മാണത്തിന് തടയിടുക എന്നതാണ് പ്രധാന ലക്ഷ്യം. അതിന് അമേരിക്കയും ബ്രിട്ടനും ജർമ്മനിയുമെല്ലാം യിസ്രായേലിനെ പിന്തുണക്കുന്നു. യിസ്രായേലിനെ പിൻതുണക്കുന്നവർ കനത്ത തിരിച്ചടി നേരിടേണ്ടിവരും എന്നാണ് ഇറാന്റെ ഭീഷണി. ഒരോ രാജ്യങ്ങൾക്കും അവരുടേതായ ഗൂഢ ലക്ഷ്യങ്ങൾ ഉണ്ട്. യിസ്രായേലിന്റെ മിസൈൽ പ്രതിരോധ സംവിധാനമായ Iron Dome-ൽ അവർ ഏറെ ഊറ്റംകൊണ്ടിരുന്നു. എന്നാൽ നൂറുകണക്കിന് മിസൈലുകൾ ഒരേസമയം അയച്ച് ഇറാൻ അവരെ ഞെട്ടിച്ചു. ഇതിന്റെ എല്ലാം തിക്തഫലങ്ങൾ അനുഭവിക്കുന്നത് വെറും സാധാരണക്കാരായ മനുഷ്യരാണ്. മൂന്നാം യെരുശലേം ദൈവാലയ നിർമ്മാണത്തിന്റെ മുന്നോടിയായി "അവരുടെ മദ്ധ്യേ ബാധ ഉണ്ടാകാതിരിപ്പാൻ അവരിൽ ഓരോരുത്തൻ താന്താന്റെ ജീവന്നുവേണ്ടി യഹോവെക്കു വീണ്ടെടുപ്പുവില കൊടുക്കേണം. എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ഏവനും വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അര ശേക്കെൽ കൊടുക്കേണം. ശേക്കെൽ എന്നത് ഇരുപത് ഗേരാ. ആ അര ശേക്കെൽ യഹോവെക്ക് വഴിപാട് ആയിരിക്കേണം" (പുറപ്പാട് 30: 12, 13) "നിങ്ങളുടെ ജീവനുവേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ നിങ്ങൾ യഹോവെക്കു വഴിപാട് കൊടുക്കുമ്പോൾ ധനവാൻ അര ശേക്കെലിൽ അധികം കൊടുക്കരുത്; ദരിദ്രൻ കുറെച്ചു കൊടുക്കയും അരുത്" (പുറപ്പാട് 30:15) ഇവിടെ പറഞ്ഞിരിക്കുന്ന അര ശേക്കെൽ നാണയങ്ങളും സംഖ്യാപുസ്തകം 19-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ശുദ്ധീകരണ ജലത്തിനായുള്ള പശുഭസ്മത്തിനായി ചുവന്ന പശുക്കിടാങ്ങളെയും ഒരുക്കി യിസ്രായേൽ മുന്നോട്ടു പോകുമ്പോൾ മശിഹായുടെ വരവ് അല്ലെങ്കിൽ യേശുക്രിസ്തുവിന്റെ രണ്ടാം വരവ് ആസന്നമാണെന്ന് ക്രിസ്തുവിശ്വാസി ഉറെക്കണം. ലോകസമാധാനത്തിനായി പ്രാർത്ഥിക്കുന്നതോടൊപ്പം പരമാവധിപേരെ സ്വർഗ്ഗരാജ്യത്തിനായി ഒരുക്കുവാൻ നമുക്ക് അക്ഷീണം പ്രവർത്തിക്കാം. ഭാരത സുവിശേഷീകരണം എന്ന ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ലക്ഷ്യം കൈവരിക്കുവാൻ താങ്കളുടെ പ്രാർത്ഥനയും പങ്കാളിത്തവും ഉണ്ടാകണമേ. ദൈവം അനുഗ്രഹിക്കട്ടെ.



രാജൻ എം. തോമസ്

CONTENTS

03 ചുവന്ന പശുക്കിടാവ്
ഡോ. വി. പി. മത്തായി വാലയിൽ

05 പരലോകസന്ദർശനം നടത്തിയവർ
ഡോ. ജോർജ്ജ് സാമുവൽ

07 ജി. പി. എസ്.
ഡോ. നെൽസൻ മാത്യു വാലയിൽ

09 പ്രകാശം പരത്തുന്നവർ
ടീച്ചർ

11 വിവാഹം - ഒരാഘോഷം
പ്രൊഫ. ജോൺ സക്കറിയ

13 മൊബൈൽ അഡിക്ഷൻ
റവ. ഫാ. ബേസിൽ ജോർജ്ജ്

15 വിശ്വാസത്തിന്റെ ദീപസ്തംഭം
സോജ ടോണി

25 ക്രിസ്തുവിശ്വാസിയുടെ സാമൂഹ്യ കടമകൾ
റവ. സണ്ണി കെ. ജോൺ

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം

GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist.,
Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger

EDITORIAL BOARD

PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George
MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ

# ചുവന്ന പശുക്കിടാവ്

**ചുവന്ന പശു എന്താണ്? ചുവന്ന പശുക്കിടാവ് എന്നത് പൂർണ്ണമായും ചുവന്നനിറമുള്ളതും കളങ്കമില്ലാത്തതും ഒരിക്കലും പ്രസവത്തിന് ഉപയോഗിച്ചിട്ടില്ലാത്തതുമായ ഒരു ഇളംപശുവാണ്.**

യെഹൂദ പാരമ്പര്യത്തിലും ബൈബിൾ പ്രവചനത്തിലും ചുവന്ന പശു അഥവാ എബ്രായ ഭാഷയിൽ "പാരാ അദുമ" എന്നതിന് ഗണ്യമായ പ്രാധാന്യം ഉണ്ട്. ചുവന്ന പശു എന്താണ്? ചുവന്ന പശുക്കിടാവ് എന്നത് പൂർണ്ണമായും ചുവന്നനിറമുള്ളതും കളങ്കമില്ലാത്തതും ഒരിക്കലും പ്രസവത്തിന് ഉപയോഗിച്ചിട്ടില്ലാത്തതുമായ ഒരു ഇളം പശുവാണ്. സംഖ്യാപുസ്തകം 19-ാം അദ്ധ്യായം ഒന്നു മുതൽ ഇത് സംബന്ധിച്ച് നമുക്ക് വായിക്കുവാൻ കഴിയും. ഇതനുസരിച്ച് പശുക്കിടാവ് കുറ്റമറ്റതും ചുവന്നതും ഒരിക്കലും നുകംവെക്കുകയോ കറക്കുകയോ ചെയ്യരുതെന്ന് യെഹൂദന്മാരുടെ 'തോറ' വ്യക്തമാക്കുന്നു.

1. പാളയത്തിന് പുറത്ത് പശുക്കിടാവിനെ അറുക്കുക. മുഴുവൻ മൃഗഭാഗങ്ങളും ദഹിപ്പിക്കുക. 'മെയ്നിദ്ദ' അല്ലെങ്കിൽ 'വേർപിരിയലിന്റെ വെള്ളം' ഉണ്ടാക്കുവാൻ ചാരം വെള്ളത്തിൽ കലക്കുക. മരിച്ചവരുമായി സമ്പർക്കം പുലർത്തിയ ആളുകളെ ശുദ്ധീകരിക്കുവാൻ ഈ പ്രത്യേക വെള്ളം ഉപയോഗിക്കണം.

മൂന്നാമത്തെ ആലയവുമായുള്ള ബന്ധത്തിൽ പുനർനിർമ്മിക്കുന്ന യെരുശലേം ദൈവാലയത്തിൽ ആവശ്യമായ ശുദ്ധീകരണച്ചടങ്ങുകൾക്ക് ചുവന്ന പശുക്കിടാവിന്റെ ഭസ്മം ആവശ്യമാണ്. മശിഹായുടെ വരവിനോ യേശുവിന്റെ തിരിച്ചുവരവിനോ ഉള്ള നിർണ്ണായക ചുവടുവയ്പായിട്ടാണ് മൂന്നാമത്തെ, പണിയാനിരിക്കുന്ന ആലയത്തെ പലരും കാണുന്നത്.

സമീപകാല സംഭവങ്ങൾ നാം നിരീക്ഷിച്ചാൽ 2022 സെപ്റ്റംബറിൽ പ്രജനന ആവശ്യങ്ങൾക്കായി അഞ്ച് ചുവന്ന പശുക്കിടാങ്ങളെ അമേരിക്കയിൽ നിന്നും യിസ്രായേലിലേക്ക് ഇറക്കുമതി ചെയ്തു. ദൈവവചനത്തിൽ പറയുന്നപ്രകാരം ചുവന്ന പശുക്കിടാങ്ങളെ വളർത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട്തന്നെ പ്രവർത്തിക്കുന്നുണ്ട്.

വെല്ലുവിളികളും വിവാദങ്ങളും അൽ-അഖ്സ പള്ളി ഉൾപ്പെടെ ആലയം പണിയുന്ന 'മൗണ്ടിൽ' ഇസ്ലാമിക പുണ്യസ്ഥലങ്ങളും ഉള്ളതിനാൽ ആലയത്തിന്റെ പുനർനിർമ്മാണം വളരെ സെൻസിറ്റീവ് ആണ്. മൊത്തത്തിൽ ചുവന്ന പശുവിന്റെ പ്രധാന്യം ബൈബിൾകാലഘട്ടത്തിൽ അതിന്റെ പങ്കിനപ്പുറം വ്യാപിച്ചുകിടക്കുന്നു. പ്രവചനം നിറവേറ്റുന്നതിനും, ഒരു പുതിയ ആത്മീയയുഗം ആരംഭിക്കുന്നതിനുമുള്ള സാദ്ധ്യതയുടെ ചുവടുവെപ്പായി വേദപഠിതാക്കൾ ഇതിനെ കാണുന്നുണ്ട്.

വിശ്വാസിയുടെ പരദേശപ്രയാണത്തിൽ സംഭവിക്കുന്ന മാലിന്യത്തെ ശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ പരമയാഗത്തിന്റെ ഒരു സാദൃശ്യമാണ് ഈ ചുവന്ന പശുക്കിടാവ്. യാഗമൃഗം കൊലചെയ്യപ്പെടുന്നു. രക്തം തളിക്കപ്പെടുന്നു. എല്ലാവരും കാണത്തക്കനിലയിൽ വിശ്വാസിയുടെ പാപം

ദൈവമുമ്പിൽ എന്നേക്കുമായി ക്രിസ്തുവിന്റെ രക്തത്താൽ നീക്കപ്പെടുന്നു എന്നതിന്റെ സാദൃശ്യമാണ്. "ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു. ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (എബ്രാ. 9:12–14). "ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. ഏതു പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചുംകൊണ്ടു നില്ക്കുന്നു. യേശുവോ പാപങ്ങൾക്കു വേണ്ടി ഏകയാഗം കഴിച്ചിട്ടു എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നുകൊണ്ടു തന്റെ ശത്രുക്കൾ തന്റെ പാദപീഠം ആകുവോളം കാത്തിരിക്കുന്നു." (എബ്രാ. 10:10–13)

2. യാഗമൃഗത്തെ ചുട്ട് ചാരമായി രൂപാന്തരപ്പെടുത്തുന്നു. തുടർന്ന് ഒരു ഓർമ്മവസ്തുവായി അത് സൂക്ഷിക്കുന്നു. 3. അനന്തരം ഈ ചാരം വെള്ളത്തിൽ കലക്കി ശുദ്ധീകരണത്തിനായി ഉപയോഗിക്കുന്നു. വെള്ളം പരിശുദ്ധാത്മാവിനും ദൈവവചനത്തിനും സാദൃശ്യമാണ്. "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ടു: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു." (യോഹ.7:37,38) "അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു" (എഫെ. 5:26,27). ഒരു വിശ്വാസിയുടെ സന്തോഷത്തെയും വളർച്ചയെയും കുറിച്ച് പരിശുദ്ധാത്മാവ് ദൈവവചനംമൂലം അവനെ പാപബോധമുള്ളവനാക്കുന്നു. അങ്ങനെ തന്റെ പാപത്തെക്കുറിച്ച് അനുതപിച്ച് ഏറ്റുപറയുമ്പോൾ യേശുവിന്റെ രക്തം അവന്റെ സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"(1 യോഹ.1 :7).

മഹത്വകരമായ ചിന്തകളെയാണ് ചുവന്ന പശുക്കിടാവ് ഉയർത്തിക്കാട്ടുന്നത്. ഒന്ന്, ചുവന്ന പശുക്കിടാവ് മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന് പരിഹാരമായ കർത്താവിനെ ചൂണ്ടിക്കാണിക്കുന്നു. മറ്റൊന്ന്, ചുവന്ന പശുക്കിടാവിന്റെ ഭസ്മം കൊണ്ടുണ്ടാക്കുന്ന ചാരവെള്ളം യേശുവിന്റെ രക്തത്താൽ പാപം കഴുകപ്പെടുന്നതിനെ കാണിക്കുന്നു. അഥവാ **ശുദ്ധീകരണം എപ്പോഴും നമ്മിൽ നടക്കുന്ന കാര്യമാണ്. എന്നാൽ നീതീകരണം അങ്ങനെയല്ല അത് ഒരിക്കലായി ലഭിക്കുന്നതാണ്. നീതികരണം ലഭിച്ചവർക്കുള്ളതാണ് ശുദ്ധികരണം. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ശുദ്ധീകരണം തന്നേയാണ്. (1 തെസ്സ. 4:3)** തേജസ്കരണം മറ്റൊന്നാണ്. അത് 1 തെസ്സലൊനിക്യർ 4:16–ൽ സംഭവിക്കുന്നതാണ്. ശരീരത്തിന്റെ വീണ്ടെടുപ്പാണ്. അതിനാൽ മാത്രമെ രക്ഷ പൂർണ്ണമാകുകയുള്ളു. രക്ഷിക്കപ്പെട്ടു; രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. രക്ഷിക്കപ്പെടും. നീതീകരണം (ഭൂതകാല രക്ഷ), തേജസ്കരണം (ഭാവികാല രക്ഷ) ശുദ്ധീകരണം (വർത്തമാനകാലരക്ഷ) (2 കൊരി. 1:10)

ഈ ലോകജീവിതം ക്ഷിപ്രവേഗത്തിൽ തീർന്നുപോകുന്നതാണ്. അത് നിത്യതക്കുവേണ്ടി തയ്യാറെടുക്കുവാനുള്ള ഒരു ഇടവേളയാണ്. ജനനത്തിനും മരണത്തിനും മദ്ധ്യേയുള്ള കാലഘട്ടം. അത് കർത്താവിനോടുകൂടി നന്നായി ഉപയോഗിക്കണം. പാപത്താൽ നഷ്ടമാക്കിക്കളയരുതേ! പഴയനിയമകാലത്ത് യാഗങ്ങളും മറ്റ് കർമ്മങ്ങളും കൊണ്ട് താത്ക്കാലിക ശമനം സാദ്ധ്യമാക്കി പൊയ്ക്കൊണ്ടിരുന്നതുപോലെയല്ല കെട്ടോ! സൗജന്യമായത്രേ നമ്മെ നീതീകരിക്കുന്നത്. ചുവന്ന പശുക്കിടാവിന്റെ ചാരവെള്ളംകൊണ്ടല്ല യേശുകർത്താവിന്റെ ചുവന്ന രക്തംകൊണ്ടത്രേ നമ്മെ വീണ്ടെടുത്തിരിക്കുന്നത്. പരിശുദ്ധാത്മാവ് പാപബോധം തരുകയും വചനത്താൽ ശുദ്ധീകരിക്കപ്പെടുകയും വിശ്വാസത്താൽ അംഗീകരിക്കുകയും ചെയ്യണം.

ചുവന്ന പശുക്കിടാവ് രണ്ടുകാര്യങ്ങളെ പ്രകടമാക്കുന്നു. ഒന്ന്, യേശുവിന്റെ ശുദ്ധീകരണ രക്തം ചാരവെള്ളത്തെക്കാൾ ശ്രേഷ്ഠവും യോഗ്യവുമാണ്. മറ്റൊന്ന്, യെരുശലേമിൽ ഒരു ചുവന്ന പശുക്കിടാവ് ഒരുക്കപ്പെടുമ്പോൾ നമ്മുടെ കർത്താവ് വാതിൽക്കൽ ആകുന്നു എന്നത് നമ്മുടെ പ്രത്യാശയാണ്. കർത്താവ് വരും താമസിക്കുകയില്ല. നമുക്ക് ഒരുങ്ങാം.

●●●



ജീവിത സായാഹ്നം



ഡോ. ജോർജ്ജ് സാമുവൽ

# പരലോകസന്ദർശനം നടത്തിയവർ

യേശു തന്റെ പരസ്യശുശ്രൂഷാനാളുകളിൽ മരിച്ചുപോയവരിൽ ചിലരെ വീണ്ടും ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവന്ന അത്ഭുതങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസംഗം ശ്രവിച്ചുകൊണ്ടിരിക്കെ ഉറക്കക്ഷീണത്താൽ ഉയർന്ന ഇരിപ്പിടത്തിൽനിന്നും താഴെവീണ് മരിച്ച ഒരുവനെ വി. പൌലൊസ് ഉയിർപ്പിച്ചതായും നാം വായിക്കുന്നു. (അപ്പൊ. പ്ര. 9:10-20). എന്നാൽ അവർ മരണശേഷം എവിടെയായിരുന്നുവെന്നോ സ്വർഗ്ഗത്തെയോ നരകത്തെയോ പറ്റിയുള്ള ഏതെങ്കിലും വിവരണം നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല. ഡോ. മൗറിസ് റോളിംഗ്സ് എഴുതിയ ബിയോൺഡ് ഡെത്സ് ഡോർ (Beyond Deaths Door) എന്ന പുസ്തകത്തിൽ ഹൃദയാഘാതംമൂലം മരിച്ചവർക്ക് കൃത്രിമശ്വാസോച്ഛ്വാസവും ഷോക് ട്രീറ്റ്മെന്റും മറ്റും നൽകി അവർ ജീവനിലേക്ക് മടങ്ങിവന്നപ്പോൾ മരണത്തിന്റെയും ജീവിതത്തിന്റെയും ഇടവേളയിൽ അവർക്കുണ്ടായ അനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവവിശ്വാസികളുടെയും അവിശ്വാസികളുടെയും അനുഭവങ്ങൾ വ്യത്യസ്തമായിരുന്നു എന്ന് പറയുന്നു. വളരെ ഹൃദ്യമായ അനുഭവങ്ങളാണ് വിശ്വാസികൾ ഡോ. റോളിംഗിനെ അറിയിച്ചത്. എന്നാൽ അവിശ്വാസികൾ വളരെ ഭീതിദമായ കാഴ്ചകൾ കാണുകയും ആർക്കും ഒരിക്കലും ഉണ്ടാകാനാഗ്രഹിക്കാത്ത ചില അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഭീതിദമായ അനുഭവങ്ങൾ ഉണ്ടായവരിൽ ഭൂരിഭാഗവും തുടർന്നുള്ള തങ്ങളുടെ ജീവിതം അടിയുറച്ച ദൈവവിശ്വാസത്തിൽ നയിക്കാൻ തീരുമാനിച്ചതായും നമുക്കു വായിക്കാം. മരിച്ചതായി ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ ചില വ്യക്തികളുടെ ഒറ്റപ്പെട്ട അനുഭവങ്ങൾ പല രാജ്യക്കാരിൽനിന്നും കേൾക്കാനിടയായിട്ടുണ്ട്.

### എന്റെ വ്യക്തിപരമായ അനുഭവം

എന്റെ വ്യക്തിപരമായ ഒരനുഭവം ഞാനിവിടെ രേഖപ്പെടുത്തട്ടെ. 1990 മെയ് 27-ാം തീയതി ഒരു അന്തർദേശീയ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി ഞാൻ ഇംഗ്ലണ്ടിലെ നോർതാംപ്റ്റണിലേക്കു പോകുകയായിരുന്നു. ഞായറാഴ്ചത്തെ ആരാധനാമദ്ധ്യേ ഒരു പ്രസംഗം ചെയ്യണമെന്ന് ലണ്ടനിലെ മാർത്തോമ്മാപള്ളി വികാരി എന്നോട് ആവശ്യപ്പെട്ടു. പള്ളിയിൽ രാവിലെ ആരാധനയിൽ പങ്കെടുത്തശേഷം ഉച്ചകഴിഞ്ഞുള്ള ട്രെയിനിൽ നോർതാംപ്റ്റണിലേക്കു യാത്രതിരിക്കാം എന്നായിരുന്നു എന്റെ പരിപാടി. ട്രെയിൻടിക്കറ്റ് നേരത്തേ തന്നെ ക്രമീകരിച്ചിരുന്നു. മാത്രമല്ല, ഭക്ഷണപ്പൊതിയും സ്നേഹിതൻ ഒരുക്കിയിരുന്നു. പള്ളി ആരാധനയും പ്രസംഗവും കഴിഞ്ഞ് ഉദ്ദേശിച്ച ട്രെയിൻ കിട്ടുക എളുപ്പമുള്ള സംഗതിയല്ല. വളരെ പ്രയാസപ്പെട്ടെങ്കിൽ മാത്രമെ ട്രെയിൻ പിടിക്കാൻ കഴിയുകയുള്ളൂ എന്ന് എന്റെ സ്നേഹിതന്മാർക്ക് അറിയാമായിരുന്നു. അതിനാലാണ് 'ലഞ്ച്പായ്ക്കറ്റ്' അവർ എനിക്കായി കരുതിയത്.

സെന്റ് കാതറയിൻ ദേവാലയത്തിൽവച്ചായിരുന്നു ആരാധന. ഒരുമണിക്കൂർ സമയം ആരാധനാമദ്ധ്യേ പ്രസംഗിക്കണമെന്നു വികാരിയച്ചൻ

എന്നോട് ആവശ്യപ്പെട്ടു. മലയാളവും ഇംഗ്ലീഷും ഇടകലർത്തിയുള്ളതായിരുന്നു എന്റെ പ്രസംഗം. ഏകദേശം 50 മിനിറ്റ് സമയം ഞാൻ പ്രസംഗിച്ചു. പ്രസംഗം ഉപസംഹരിച്ചപ്പോഴേക്കും ഞാൻ ആത്മീയമായി ധന്യൻ ആയെങ്കിലും ശാരീരികമായി അത്യധികം ക്ഷീണിച്ചിരുന്നു.

വൈദികൻ പ്രാർത്ഥിച്ചു. കുമ്പസാരപ്രാർത്ഥനക്കുശേഷം വിശുദ്ധസംസർഗ്ഗ ശുശ്രൂഷ (തിരുവത്താഴ ശുശ്രൂഷ)ക്കുവേണ്ടി എല്ലാവരും എണ്ണീറ്റു നിന്നു.

വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയുടെ ക്രമം അനുസരിച്ച് ഞങ്ങൾ എല്ലാവരും പ്രതികരണാത്മകമായി വായനയിൽ പങ്കെടുത്തു. ഈ സമയത്ത് എനിക്കു ദാഹം തോന്നുകയും ഒരുപാത്രം വെള്ളം കിട്ടിയിരുന്നെങ്കിലെന്ന് ആഗ്രഹിക്കയും ചെയ്തു. ഞാൻ മോഹാലസ്യത്തിലേക്കു വഴുതിവീഴുകയാണെന്ന് എനിക്കു മനസ്സിലായി. ഭാഗ്യത്തിന് എന്റെ സ്നേഹിതൻ വി. റ്റി. ഏബ്രഹാമും ഭാര്യ തങ്കമ്മയും എന്റെ അടുത്തുണ്ടായിരുന്നു. എന്റെ തലകൽത്തറയിൽ തട്ടാതവണ്ണം അവർ എന്നെ താങ്ങി. ഈ സംഭവംകണ്ട് അവർ സ്തംഭിച്ചുപോയി. ഞാനാകെ വിയർത്തുകുളിച്ചിരുന്നു. ശ്വാസോച്ഛ്വാസം നിലച്ചു. എന്റെ കണ്ണുകൾ മരിച്ച ഒരു മനുഷ്യന്റേതുപോലെ കാണപ്പെട്ടു. പള്ളിയിലുണ്ടായിരുന്നവരെല്ലാം വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയിൽ ഭക്തിപൂർവ്വം പങ്കെടുത്തുകൊണ്ടിരിക്കയായിരുന്നു. അവരെല്ലാം ഇതറിഞ്ഞ് അത്യധികം പരിഭ്രമിച്ചു. ആ കോൺഗ്രിഗേഷനെ മുഴുവനും ഒരു പരിഭ്രമതരംഗംകൊണ്ട് ഞാൻ ഇളക്കിമറിച്ചുവെന്ന് പിന്നീടറിഞ്ഞു. ഒരു ആംബുലൻസ് കിട്ടിയിരുന്നുവെങ്കിൽ എന്ന് അവർ ആഗ്രഹിച്ചു.

ആരാധനാസമയത്ത് പള്ളിയിലുണ്ടായിരുന്ന അനുഭവസമ്പന്നനായ ഒരു ഡോക്ടർ എന്നെ പരിശോധിച്ചു. അത് ഡോ. കെ. ജോൺ ആയിരുന്നു. ഒരു സ്റ്റെതസ്ക്കോപ്പ് അദ്ദേഹത്തിന്റെ പോക്കറ്റിലുണ്ടായിരുന്നതു ഭാഗ്യമായി. കാർഡിയാക് മാസാജും പ്രഥമശുശ്രൂഷയും ഉടനെ ചെയ്യണമെന്ന് അദ്ദേഹം ഏബ്രഹാമിനോടും ഭാര്യയോടും ആവശ്യപ്പെട്ടു. അവിടെനിന്ന് ആശുപത്രിയിലേക്കു മാറ്റുന്നതുവരെ കാത്തിരിക്കുന്നത് അപകടം ആയതിനാൽ, അവിടെ പള്ളിയിൽ ആരാധനയിൽ പങ്കെടുത്തുകൊണ്ടിരുന്നവരുടെ മുമ്പിൽവച്ചുതന്നേ അതു ചെയ്യാൻ ഡോക്ടർ സന്നദ്ധനായി.

ഒരു നേഴ്സായിരുന്ന മിസ്സിസ്സ് ഏബ്രഹാം കൃത്രിമ ശ്വാസോച്ഛ്വാസം നൽകുന്നതിനുള്ള പ്രാഥമിക ശുശ്രൂഷകളും ഡോ. ജോൺ കാർഡിയാക് മാസാജും നൽകുന്നതിന് ആരംഭിച്ചു. ഞാൻ ശ്വാസോച്ഛ്വാസം ചെയ്യാൻ തുടങ്ങുന്നതും കൺപോളകൾ ചലിപ്പിക്കുന്നതും കണ്ട ഒരു സംഘം ആളുകൾ ഡോ. ജോണിന്റെ നിർദ്ദേശമനുസരിച്ച് മറ്റൊരു മുറിയിലേക്കു എന്നെ കൊണ്ടുപോയി. ഒരുദിവസത്തെ ഗാഢസുഷുപ്തിക്കുശേഷം ഉണർന്നതുപോലെ അപ്പോൾ എനിക്കുതോന്നി. അല്പനേരം മുറിയിൽ വിശ്രമിച്ചതിനുശേഷം തിരികെവന്ന് ആരാധനാകർമ്മങ്ങളിൽ അവസാനം വരെ പങ്കെടുത്തു. ഞാൻ പെട്ടെന്ന് സുഖംപ്രാപിച്ചതിൽ പള്ളിയിലുണ്ടായിരുന്നവരെല്ലാം ആശ്വാസനിശ്വാസങ്ങൾ ഉതിർത്തു. തുടർച്ചയായുള്ള യാത്രയും സമയത്തിൽ വന്ന മാറ്റവുംകൊണ്ടായിരിക്കും ഇങ്ങനെ സംഭവിച്ചതെന്ന് ഞാൻ കരുതി. എനിക്കു രക്ത സമ്മർദ്ദം ഉണ്ടായിരുന്നെങ്കിലും ഇതിനുമുമ്പൊരിക്കലും ഹൃദ്രോഗം അനുഭവപ്പെട്ടിട്ടില്ല.

ബോധമുണർന്നപ്പോൾ ഞാൻ ഒരു നല്ല പൂന്തോട്ടത്തിൽ ആയിരുന്നു എന്ന അനുഭവമാണ് എനിക്ക് മറ്റുള്ളവരുമായി പങ്കുവെക്കാൻ കഴിഞ്ഞത്. 'പറുദീസാ' എന്ന വാക്കിന് 'ഉദ്യാനം' എന്ന അർത്ഥമുണ്ടല്ലോ. എന്നാൽ ഞാൻ അവിടെയെത്തിയവിധമോ പ്രത്യേക കാഴ്ചകളോ ഒന്നും തിരിച്ചറിയാൻ കഴിയാത്തവിധം മനോഹരമായ ഉദ്യാനത്തിലെ ഗാഢനിദ്രക്കുശേഷം ഉറക്കമുണർന്ന പ്രതീതിയായിരുന്നു എനിക്ക്.

### പരലോകസന്ദർശനം സംബന്ധിച്ച ഒരനുഭവം

ലോകത്തിലെ നല്ലൊരു ഭാഗം ക്രൈസ്തവ ചിന്തകരുടെ ഇടയിൽ വർഷങ്ങളായി പ്രചാരം ലഭിച്ചിട്ടുള്ള Christianity Today എന്ന മാസികയുടെ 2012 ഡിസംബർ ലക്കത്തിൽ പരലോകസന്ദർശനം നടത്തിയ ബുദ്ധിജീവികളായ ചിലരുടെ അനുഭവങ്ങൾ പുസ്തകരൂപേണ പ്രസിദ്ധീകരിച്ചതിൽനിന്നുള്ള വിവരം ഒരു ലേഖനമായി മാസികയുടെ മുഖ്യപത്രാധിപർ എഴുതിയതിൽനിന്നും ചില പ്രസക്തഭാഗങ്ങൾ ഇവിടെ പരാമർശിക്കയാണ്. പ്രസ്തുത ലേഖനം തുടങ്ങുന്നത് അസ്ഥിരോഗ ശസ്ത്രക്രിയാ വിദഗ്ദ്ധനായ (Orthopedic Surgeon from Wyoming, USA), Mary Neal MD തന്റെ To Heaven and Back.... A doctor's extra ordinary account for her death, heaven, angels and life again എന്ന Water Brook Press പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നിന്നാണ്.

തന്റെ ഭർത്താവിനോടൊപ്പം ചിലിയിൽ ഒരു നദിയിലൂടെ ചങ്ങാടത്തിൽ കുറേ സ്നേഹിതരുമായി ഉല്ലാസയാത്രയിലായിരുന്നപ്പോൾ വെള്ളം

(ശേഷം പേജ് 26 – ൽ)

ജീവിത ചിന്തകൾ






ഡോ. നെൽസൺ മാത്യു വാലയിൽ

# ജി.പി.എസ്.

പത്തൊൻപതാം നൂറ്റാണ്ടിലെ പ്രശസ്ത ഫ്രഞ്ച് കായികാഭ്യാസി ആയിരുന്നു ചാൾസ് ബ്ലോണ്ടിൻ, നയാഗ്ര വെള്ളച്ചാട്ടം ഒരു കയറിൽ പലതവണ മുറിച്ചുകടന്നതിന് പേരുകേട്ടയാളാണ്.

1850-കളിൽ, ചാൾസ് ബ്ലോണ്ടിൻ നയാഗ്ര വെള്ളച്ചാട്ടത്തിന് കുറുകെ ഒരു കയറിൽ നടന്നു - 1,100 അടിയിലധികം നീളവും 160 അടി ഉയരവും. അദ്ദേഹം വെറുതെ നടന്നില്ല; കണ്ണടച്ച്, സ്റ്റിൽറ്റുകളിൽ, പകുതി ദൂരം ഓംലെറ്റ് പാകം ചെയ്യാൻ ഒരു ചെറിയ സ്റ്റൗ പോലും വഹിച്ചുകൊണ്ട്!

ഒരു സന്ദർഭത്തിൽ, ബ്ലോണ്ടിൻ ആർപ്പുവിളിക്കുന്ന ജനക്കൂട്ടത്തോട് ചോദിച്ചു, 'എനിക്ക് ഒരാളെ എന്റെ പുറകിൽ കയറ്റാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?' ജനക്കൂട്ടം അലറി, 'അതെ!' എന്നിട്ട് അദ്ദേഹം ചോദിച്ചു, 'ആരാണ് എന്റെ പുറകിൽ കയറാൻ സന്നദ്ധത കാണിക്കുക?'

പെട്ടെന്ന്, നിശബ്ദത. ആരും മുന്നോട്ട് വന്നില്ല - ബ്ലോണ്ടിനിൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്ന അദ്ദേഹത്തിന്റെ മാനേജർ ഹാരി കോൾകോർഡ് ഒഴികെ.

നോക്കൂ, ഹാരി... നീ ഇനി കോൾകോർഡ് അല്ല; നീ ബ്ളോണ്ടിനാണ്. ഞാൻ ഈ സ്ഥലം വൃത്തിയാക്കുന്നത് വരെ, എന്റെ ഭാഗമായിരിക്കൂ - മനസ്സ്, ശരീരം, ആത്മാവ്. ഞാൻ ആടുകയാണെങ്കിൽ, എന്നോടൊപ്പം ആടുക. സ്വന്തമായി ഒരു ബാലൻസിംഗ് നടത്താൻ ശ്രമിക്കരുത്. നീ അങ്ങനെ ചെയ്താൽ, നമ്മൾ രണ്ടുപേരും താഴേക്ക് പോകും.'

ബ്ലോണ്ടിൻ അദ്ദേഹത്തെ സുരക്ഷിതമായി അക്കരെ കൊണ്ടുപോയി. ഹാരി സ്വന്തമായി ചലനങ്ങളൊന്നും നടത്താതെ പൂർണ്ണമായി വിട്ടുകൊടുത്തു. സ്വയം ചോദിക്കുക:

നാം ദൈവത്തിനായി ആർപ്പുവിളിച്ചുകൊണ്ട് അരികിൽ നിൽക്കുകയാണോ, അതോ നാം ജീവിതത്തിൽ അവനെ ആശ്രയിക്കുകയാണോ?' (സദൃശവാക്യങ്ങൾ 3:5-6) "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും."

Trust in the Lord with all your heart, And lean not on your own understanding; In all your ways acknowledge Him, And He shall direct your paths.

ജീവിതത്തിൽ ചിലതൊക്കെ നാം മുറുകെ പിടിക്കാറുണ്ട്. ചില പദ്ധതികൾ, ചില സ്വപ്നങ്ങൾ, ചില ബന്ധങ്ങൾ... പിടിവിടാനും കീഴടങ്ങാനും ഏറെ പ്രയാസമാണ്.

മാസങ്ങൾ നീണ്ട പ്രാർത്ഥനയോടെ ഒരു യുവതി ജോലിക്കായി കാത്തിരിക്കുകയാണ്. ഒരു പ്രത്യേക കമ്പനിയിലാണ് അവളുടെ സ്വപ്നജോലി, പക്ഷെ അതിനുള്ള വാതിലുകൾ തുറക്കുന്നില്ല. മറിച്ച് അവൾ ആഗ്രഹിക്കാത്ത മറ്റൊരു ചെറിയ പട്ടണത്തിലാണ് അവസരം തുറക്കുന്നത്. അവൾ പ്രാർത്ഥിക്കുന്നു, പോരാടുന്നു, ഒടുവിൽ കീഴടങ്ങുന്നു - സ്വന്തം പദ്ധതിയെക്കാൾ അനുസരണം തിരഞ്ഞെടുക്കുന്നു.

പ്രയാസമായിരുന്നുവെങ്കിലും വർഷങ്ങൾക്ക് ശേഷം, അവൾ അതിന്റെ ദൈവിക ഉദ്ദേശ്യം

മനസ്സിലാക്കുന്നു. അവളുടെ ഭാവിക്കും കുടുംബ ജീവിതത്തിനും ഏറ്റവും അനുയോജ്യമായിരുന്നു അതെന്ന്.

എന്തൊക്കെയാണ് നാം പിടിവിടാതെ മുറുകെ പിടിക്കാറുള്ളത്?

ദൈവത്തിനു വിട്ടുകൊടുക്കുക. നമ്മുടെ വഴിയിൽ/ പദ്ധതിയിൽ നാം നിർബന്ധം കാണിക്കരുത്. Let Go and Let God. കീഴടങ്ങൽ എല്ലായ്പ്പോഴും നമുക്ക് വേണ്ടത് നൽകണമെന്നില്ല, എന്നാൽ ആവശ്യമുള്ളത് നൽകുന്നു.

യേശു ഇതിനു മാതൃകയാണ്. ഗെത്സെമനയിലെ തന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു - "പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നേ ആകട്ടെ". (ലൂക്കൊ. 22:42). Jesus surrendered to father's will. ദൈവഹിതത്തിനു കീഴടങ്ങി.

ജീവിതത്തിലെ ഓരോ തീരുമാനത്തിലേക്കും ദിശയിലേക്കും വിശദാംശങ്ങളിലേക്കും ദൈവത്തെ നാം ക്ഷണിക്കേണ്ടതുണ്ട്.

• ദൈനംദിന തീരുമാനങ്ങളിൽ: "കർത്താവേ, ഇന്ന് ഞാൻ എന്തിന് മുൻഗണന നൽകണം?" പ്രതിസന്ധികളിൽ മാത്രമല്ല – സാധാരണ ദിനചര്യകളിൽ പോലും അവനോട് ആലോചന ചോദിക്കാം.

• വലിയ ജീവിത തിരഞ്ഞെടുപ്പുകളിൽ: "ദൈവമേ, എന്റെ കരിയറിനും ബന്ധങ്ങൾക്കും ലക്ഷ്യങ്ങൾക്കും വേണ്ടി നീ എന്താണ് ആഗ്രഹിക്കുന്നത്?" സ്വന്തം പദ്ധതികൾ തയ്യാറാക്കുകയും അതിനെ അനുഗ്രഹിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നതിനു പകരം ആദ്യം ദൈവത്തോട് ചോദിക്കാം.

• പരീക്ഷിക്കപ്പെടുമ്പോഴും സമ്മർദ്ദത്തിലാകുമ്പോഴും: "ദൈവമേ, മറ്റുള്ളവർക്ക് പ്രസാദകരമല്ലെങ്കിൽപ്പോലും, അങ്ങയെ പ്രസാദിപ്പിക്കുന്നത് തിരഞ്ഞെടുക്കാൻ എന്നെ സഹായിക്കേണമേ" എന്ന് പ്രാർത്ഥിക്കാം

• വിജയത്തിലും പരാജയത്തിലും: വിജയങ്ങളിൽ ദൈവത്തിന് മഹത്വം നൽകുകയും പരാജയങ്ങളിൽ അവനിലേക്ക് തിരിയുകയും ചെയ്യാം, അവനിൽനിന്ന് അകന്നുപോകാതെ.

**God Positioning System (GPS)**

ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കപ്പെടുന്ന ഒരു സാധാരണ സംവിധാനമാണ് മൊബൈലിലും മറ്റും ലഭ്യമാകുന്ന Global Positioning System. നാം യാത്രകളിൽ Google Map ഉപയോഗിച്ച് ലക്ഷ്യസ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. ഈ യാത്രയിൽ ഓരോ തിരിവുകളും GPS സംവിധാനത്തിൽ പ്രവർത്തിക്കുന്ന മാപ്പ് നോക്കിയാണ് എടുക്കുക. എന്നാൽ ദൈവമക്കളായ നമ്മുടെ ജീവിത തിരിവുകളെ നിർണ്ണയിക്കേണ്ടത് God Positioning System എന്ന GPS സംവിധാനമാണ്. ഈ GPS നമ്മുടെ ജീവിതത്തെ ദൈവിക ലക്ഷ്യസ്ഥാനങ്ങളിലേക്ക് എത്തിക്കും. ചിലപ്പോൾ വഴി തെറ്റുമ്പോൾ ഇത് നമ്മെ reroute ചെയ്യും. ലക്ഷ്യസ്ഥാനത്തേക്ക് വഴിതിരിച്ച് വിടും. അപ്പോഴും കർത്താവിൽ ആശ്രയിക്കാം. എത്തിക്കേണ്ടിടത്ത് അവൻ നമ്മെ എത്തിക്കുക തന്നേ ചെയ്യും.

'അവൻ നിന്റെ പാതകളെ നേരെയാക്കും'. Turn the GPS on!


# ഡോക്സ
## കൗൺസലിംഗ് സെന്റർ
### അല്ലപ്ര, പെരുമ്പാവൂർ

ONLINE
SESSION
AVAILABLE

കുട്ടികൾക്കും മുതിർന്നവർക്കും കൂടാതെ ഫാമിലി കൗൺസിലിംഗും ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്കും, ബുക്ക് ചെയ്യുന്നതിനും
വിളിക്കേണ്ട നമ്പർ : 9495980654

ടീച്ചർ




ആലീസ് ബേബി

# പ്രകാശം പരത്തുന്നവർ

ഒരു കൊടുംവനത്തിലെ ഇരുട്ടിൽ, വഴിതെറ്റി അലയുകയായിരുന്നു ഒരു കുഞ്ഞുകിളി, അമ്മയെയും കൂട്ടുകാരെയും പിരിഞ്ഞ് പേടിച്ച് വിറച്ച് എങ്ങോട്ടു പോകണമെന്നറിയാതെ അത് കരഞ്ഞു. ചുറ്റും കനത്ത ഇരുട്ടായിരുന്നു. ഒരു നക്ഷത്രത്തെപ്പോലും കാണാനില്ല. അപ്പോൾ, ദൂരെ ഒരു കൊച്ചുവെളിച്ചം കുഞ്ഞുകിളി കണ്ടു. അതൊരു മിന്നാമിന്നിയായിരുന്നു.

**കുഞ്ഞുകിളി:–** "മിന്നാമിന്നി എനിക്കെന്റെ കൂടു കണ്ടുപിടിക്കാൻ സഹായിക്കാമോ? എനിക്ക് വഴി തെറ്റിപ്പോയി."

(മിന്നാമിന്നിക്ക് കുഞ്ഞുകിളിയുടെ സങ്കടം മനസ്സിലായി)

**മിന്നാമിന്നി :–** ഞാൻ നിനക്ക് വഴി കാണിക്കാം.

മിന്നാമിന്നി പതിയെ മുന്നിൽ പറന്നു കുഞ്ഞുകിളി മിന്നാമിന്നിയുടെ പിന്നാലെ പറന്നു. ദൂരെ, ഒരു മരത്തിനു മുകളിൽ തന്റെ കൂട് കണ്ടപ്പോൾ കുഞ്ഞുകിളിക്ക് സന്തോഷമായി. അമ്മക്കിളിക്ക് കുഞ്ഞുകിളിയെ കണ്ടപ്പോൾ സന്തോഷംകൊണ്ട് കണ്ണു നിറഞ്ഞു.

**അമ്മക്കിളി :–** നീ എവിടെയായിരുന്നു? നിന്നെ ഞാൻ എവിടെയെല്ലാം അന്വേഷിച്ചു.?

**കുഞ്ഞുകിളി :–** അമ്മേ, ഞാൻ തീറ്റതേടി പോയപ്പോൾ ഇരുട്ടായത് അറിഞ്ഞില്ല. ഈ മിന്നാമിന്നിയാണ് എന്നെ സഹായിച്ചത്.

**അമ്മക്കിളി :–** മിന്നാമിന്നി, നീ ഇരുട്ടിൽ എന്റെ കുഞ്ഞിന് വെളിച്ചമായി എന്റെ അടുത്ത് എത്താൻ സഹായിച്ചതിൽ ഒത്തിരി നന്ദിയുണ്ട്.

**മിന്നാമിന്നി :–** എന്റെ കൊച്ചു വെളിച്ചം കുഞ്ഞുകിളിക്ക് വഴികാട്ടിയായതിൽ എനിക്കും സന്തോഷമുണ്ട്.

പ്രിയ കൂട്ടുകാരെ, കൊടുംവനത്തിൽ ഇരുട്ടിൽ ഒരു കൊച്ചു മിന്നാമിന്നി തന്റെ ചെറിയ പ്രകാശംകൊണ്ട് വഴിതെറ്റിയ ഒരു കുഞ്ഞുകിളിയെ അതിന്റെ അമ്മയുടെ അടുത്ത് എത്താൻ സഹായിച്ചു. വലുപ്പംകൊണ്ടല്ല, നന്മ കൊണ്ടാണ് ഓരോ ജീവിയും പ്രകാശം പരത്തുന്നത്. (മത്തായി 5:14, 15)

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രെ വെക്കുന്നത്; അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു." (എഫെസ്യർ 5:9) "കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ" (യോഹന്നാൻ 8:12) യേശു പിന്നെയും അവരോട് സംസാരിച്ചു.

"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും" എന്നു പറഞ്ഞു.

മിന്നാമിന്നിയെപ്പോലെ ഇരുട്ടിൽ തപ്പിത്തടയുന്നവർക്ക് ഒരു വെളിച്ചമായിത്തീരാൻ ദൈവം നമ്മെ സഹായിക്കട്ടെ....

# ജൂലൈ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

**ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.**

**Meeting ID : iibyyvdseq**

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽ വെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 03.07.2025 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻ സെന്റർ |
| 04.07.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്രേത്ത്) | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പോൾ പി. വർഗ്ഗീസിന്റെ ഭവനം) |
| 05.07.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |
| 12.07.2025 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് | മിഷൻ സെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗത്സമേൻ) | പ്രളയക്കാട് (ചേനാട്ടേൽ ശ്രീ. സി. റ്റി. ഷാജന്റെ ഭവനം) |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | വടക്കൻ പറവൂർ (വട്ടപ്പറമ്പത്ത് ശ്രീ. റെജി ജോണിന്റെ ഭവനം) |
| 17.07.2025 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | കടമറ്റം (മാടംപുറത്ത് ശ്രീ. ഷാജൻ ജോർജ്ജിന്റെ ഭവനം) |
| 19.07.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |
| 25.07.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | പുന്നയം (ചെറിയവെളുർ പുത്തൻവീട് ശ്രീ. സി. റ്റി. ഉമ്മന്റെ ഭവനം) |
| 26.07.2025 | ശനി | 10 am - 12 noon | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |
| 31.07.2025 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |





പ്രൊഫ. ജോൺ
സഖറിയ

# വിവാഹം - ഒരാഘോഷം

ഒരു വ്യക്തിയുടെ ജീവിതത്തിലെ സുപ്രധാന ദിവസമാണ് വിവാഹദിനം – ജനനം കഴിഞ്ഞാൽ അടുത്ത പ്രധാന ദിവസം. ആയതിനാൽ ആ പുതിയ ജീവിതത്തിനുവേണ്ടി നല്ല ഒരുക്കം ഉണ്ടായിരിക്കണം.

ഒരുക്കം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിവാഹ സദ്യയെക്കുറിച്ചോ ക്ഷണിതാക്കളെക്കുറിച്ചോ വിവാഹ സ്വീകരണ പന്തലിനെക്കുറിച്ചോ അല്ല. പുതിയ ഒരു ജീവിതത്തിനുവേണ്ടി ശാരീരികമായും മാനസികമായും ആത്മീയമായും ഭൗതികമായും ഒരുക്കം എന്നതാണ്. മറ്റേതൊരു ജീവിത തെരഞ്ഞെടുപ്പുകളിലും പരാജയം വന്നാൽ അതിന് മാറ്റം വരുത്താൻ സാധിക്കും. എന്നാൽ വിവാഹജീവിതം അങ്ങനെയല്ല; ഉടുപ്പ് മാറ്റുന്നതുപോലെ മാറ്റാവുന്നതല്ല.

മാത്രമല്ല, ആരംഭം വരെ വളരെ പ്രധാനമായിട്ടുള്ളതാണ്. മറ്റേത് കാര്യങ്ങളിലും ആരംഭം പാളിയാൽ പകരം വഴികൾ ഉണ്ട്. വിവാഹജീവിതത്തിൽ അതില്ല. കാരണം മാനസികമായും വൈകാരികമായും ആരംഭം മുതൽ രണ്ടു വ്യക്തികൾ തമ്മിൽ വേണ്ടതായ ചേർച്ചയുണ്ടായില്ലെങ്കിൽ അത് ജീവിതാവസാനംവരെ ബാധിക്കും. അബദ്ധങ്ങൾ തിരുത്താനാവാത്ത അനർത്ഥങ്ങളിലേക്ക് ചെന്നെത്തിക്കും. വളരെ പ്രതീക്ഷയോടെ ഒരുമിച്ചു വരുന്നതായ രണ്ടു വ്യക്തികളിൽ ഒരാൾക്കോ രണ്ടു പേർക്കുമോ ഉണ്ടാകുന്ന മോഹഭംഗങ്ങൾ ഹൃദയത്തിന്റെ ആഴത്തിൽ വേദനിപ്പിക്കുന്ന അനുഭവങ്ങൾ ഉണ്ടാക്കിയാൽ അതിനുള്ള പരിഹാരം വളരെ ദുഷ്കരമാണ്.

ആയതിനാൽ രണ്ടു വ്യക്തികളും വളരെ പ്രാർത്ഥനയോടെ ദിവസങ്ങൾ വിവാഹദിവസത്തിന് മുമ്പ് ചെലവഴിക്കണം. വിവാഹജീവിതത്തിൽ പൊരുത്തപ്പെട്ട് ജീവിക്കുന്നതിന് വേണ്ടതായ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കണം. ആയതിന് ഉപയുക്തമായ ലേഖനങ്ങളോ പുസ്തകങ്ങളോ വായിച്ച് മനസ്സിലാക്കിയിരിക്കണം. ഒരു പക്ഷേ നിങ്ങൾ ചോദിക്കുമായിരിക്കും: പണ്ട് ഉണ്ടായിരുന്ന ആളുകളൊക്കെ ഇത്രമാത്രം ഒരുക്കത്തോടെയാണോ വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചത് എന്ന്. അല്ല എന്നത് വസ്തുതയാണ്. എന്നാൽ ഇന്ന് കാലം മാറി. വ്യക്തികളുടെ ജീവിതവീക്ഷണങ്ങൾ മാറി. പൊരുത്തപ്പെട്ട്പോകാനുള്ളതായ കഴിവുകൾ കുറഞ്ഞുവരുന്നു. അതുകൊണ്ട് പഴയ തലമുറകളെപ്പോലെ വിവാഹജീവിതത്തിൽ പ്രവേശിക്കുന്നത് അബദ്ധം ആയിരിക്കും.

ഏറ്റവും പ്രധാനം ഇരുവരും തമ്മിൽ വേണ്ടതുപോലെ അന്യോന്യം മനസ്സിലാക്കുവാൻ അവസരം എടുക്കണം എന്നുള്ളതാണ്. വിവാഹ തീരുമാനം അഥവാ വിവാഹ നിശ്ചയം കഴിഞ്ഞതിനു ശേഷം ചില നാളുകൾ അന്യോന്യം പരിചയപ്പെടുന്നതിനും സംസാരിക്കുന്നതിനും സമയമെടുക്കുന്നത് ഏറ്റവും പ്രയോജനകരമായിരിക്കും. ഭൗതികവും ശാരീരി

കവും മാനസികവും ലൈംഗികവും ആയ കാര്യങ്ങളിൽ അറിവും പരിജ്ഞാനവും തമ്മിൽ തമ്മിൽ ധാരണയും ഉണ്ടായിരിക്കുന്നത് ഏറ്റവും ആവശ്യമാണ്; പ്രയോജനകരമാണ്. അതിനുവേണ്ടി എടുക്കുന്ന അവസരങ്ങൾ, സമയങ്ങൾ, കാലങ്ങൾ ഒരിക്കലും നഷ്ടമല്ല; പ്രത്യുത കൂടുതൽ നേട്ടങ്ങളിൽ ചെന്നെത്തിക്കും. ജോലിയിൽനിന്ന് അവധിയെടുത്ത് ഒരാഴ്ചകൊണ്ട് വിവാഹം നടത്തുന്ന വ്യക്തികൾക്ക് ഇതിനൊന്നും സാവകാശം കിട്ടിയില്ലെന്ന് ഇരിക്കും. അങ്ങനെ സംഭവിച്ചുകൂടാ. ഏറ്റവും ശ്രേഷ്ഠമായ കാര്യങ്ങൾ ഏറ്റവും ശ്രദ്ധയോടെയും സാവകാശവും ക്രമത്തോടെയും ചെയ്യുന്നത് ഏറ്റവും അഭികാമ്യമാണല്ലോ. അതിനു കൊടുക്കുന്ന സമയവും വിലയും കൂടുതൽ അനുഗ്രഹമായിത്തീരും; ഒരിക്കലും നഷ്ടമായിരിക്കുകയില്ല.

വിവാഹജീവിതത്തെപ്പറ്റി ക്രിസ്തീയ മാനദണ്ഡങ്ങൾ അനുസരിച്ച് എഴുതപ്പെട്ടിരിക്കുന്ന ലേഖനങ്ങളോ പുസ്തകങ്ങളോ മുൻപേതന്നെ വായിക്കുന്നത് വളരെ നന്നായിരിക്കും. അവയിലൂടെ ലഭിക്കുന്ന ജ്ഞാനം അന്യോന്യം പങ്കിടുവാൻ അവസരം എടുക്കുന്നത് കൂടുതൽ ധന്യമായിരിക്കും - പ്രത്യേകിച്ച് ഇന്നത്തെ കാലത്ത് ആശയവിനിയമത്തിനുള്ള ധാരാളം മാർഗ്ഗങ്ങൾ ഉള്ളപ്പോൾ.

**ഭൗതിക ഒരുക്കങ്ങൾ**

ഇല്ലാത്ത പണം കടംമേടിച്ച് ധാരാളമായി ചെലവഴിച്ച് ആർഭാടമായി വിവാഹം നടത്തുന്നവർ ധാരാളം. പണമുള്ളവർ പോലും അങ്ങനെ ചെയ്യുന്നത് ധാർമ്മികമല്ല, ക്രിസ്തീയമല്ല, ആത്മീയമല്ല. വളരെ ലളിതമായ വിവാഹ ക്രമീകരണങ്ങൾ ആത്യന്തികമായി കൂടുതൽ സംതൃപ്തിയിലേക്ക് നയിക്കും.

ത്രിപുരയിലെ സുവിശേഷപ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുന്ന ഒരു സ്നേഹിതൻ. അദ്ദേഹത്തിന്റെ മകൾ, അവിടുത്തെ ആചാരങ്ങൾ അനുസരിച്ച്, വിവാഹത്തിനു മുമ്പ്തന്നേ ഒരുമിച്ച് ജീവിക്കുകയാണ്. എന്തുകൊണ്ട് വിവാഹം കഴിച്ച് ഒരുമിച്ച് ജീവിച്ചുകൂടാ എന്ന ചോദ്യത്തിന് വിവാഹ ചടങ്ങുകൾക്കുള്ള പണം ലഭ്യമല്ല, അത് ലഭിക്കുന്നതുവരെ വിവാഹം നടത്താൻ സാധിക്കില്ല എന്ന് പറഞ്ഞു. ലളിതമായി വിവാഹം നടത്തുന്നതിനെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കി വിവാഹം നടത്തിക്കൊടുത്തു. പക്ഷേ അദ്ദേഹത്തിന് അത് തൃപ്തിയായില്ല. വെറും 8000 രൂപ മാസ അലവൻസ് കിട്ടുന്നതായ ആ വ്യക്തി, വിവാഹത്തിനുശേഷം ധാരാളം ആളുകളെ ക്ഷണിച്ച് വിശാലമായി വിരുന്ന് നൽകി; മൂന്നര ലക്ഷത്തോളം രൂപ ചെലവഴിച്ച്, അതും പലരിൽനിന്ന് പലിശക്ക് കടം വാങ്ങിച്ച്. ഇന്ന് നട്ടം തിരിയുകയാണ് കടക്കാരുടെ മുമ്പിൽ. ഒരു ശുശ്രൂഷകൻ എന്ന നിലയിൽ മാതൃകയില്ലാത്ത ജീവിതം കൊണ്ട് നാണംകെടുകയാണ്.

നമ്മുടെ നാട്ടിലും വിശ്വാസികളായ, ആത്മീയ ശുശ്രൂഷകരായ ധാരാളം പേർ ഇതുപോലെ ധാരാളിത്തം കാണിച്ച് വിവാഹം ആഘോഷമാക്കി നിരാശയിലും കുടുംബ ബന്ധങ്ങളിൽ തകർച്ചയിലും ആയിരിക്കുന്നത് കാണാം. ആരെ കാണിക്കാനാണ് ഇതെല്ലാം? ഒരു ദിവസത്തേക്ക്, ഒരാഴ്ചത്തേക്ക് ഉള്ള സന്തോഷത്തിനുവേണ്ടി ദീർഘനാളുകളിൽ നിരാശപ്പെട്ട്, കഷ്ടപ്പെട്ട്, മനപ്രയാസപ്പെട്ട്, സങ്കടപ്പെട്ട് ജീവിക്കേണ്ടിവരുന്ന അവസ്ഥ. ഉള്ളതുകൊണ്ട് ഉള്ളതിനനുസരിച്ച് ജീവിക്കാൻ പഠിക്കുന്നത് ജീവിതത്തിൽ ഏറ്റവും സംതൃപ്തി തരുന്ന ഒരു സംഗതിയാണ്. പക്ഷേ മനസ്സ്വെക്കണം. മനസ്സ് വെക്കുക എന്നത് മാത്രമാണ് പ്രയാസമുള്ള ഒരു സംഗതി. പക്ഷേ മനസ്സ് വെച്ചാൽ ഉണ്ടാകുന്ന ആശ്വാസം നാം വിചാരിക്കുന്നതിനെക്കാൾ അനുഗ്രഹകരമായിരിക്കും.

വിഭവങ്ങൾ കൂട്ടിയും അലങ്കാരങ്ങൾ വർദ്ധിപ്പിച്ചും പണം ചെലവഴിക്കുന്നത് ധാർമ്മികമായും ശരിയല്ല; പ്രത്യേകിച്ച് പണം കടംവാങ്ങിച്ച്. അതുമൂലം ഉണ്ടാകുന്ന സന്തോഷം ഒരു കുമിളപോലെ പൊട്ടിപ്പോകും. അതിന്റെ ഫലമായി ഉണ്ടാകുന്ന മാനസിക, ആത്മീയ സംഘർഷം എന്നെന്നും നിലനിൽക്കും. ക്രിസ്തീയ പ്രമാണമുള്ളവർ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്.

പണമുള്ളതുകൊണ്ടാണ് ഞങ്ങൾ ചെലവഴിക്കുന്നത് എന്ന് ചിലർ പറഞ്ഞേക്കാം. ദൈവം തരുന്ന പണത്തിന്റെ കാര്യസ്ഥൻമാരാണ് നാം. കെടുകാര്യസ്ഥത ദൈവത്തോടുള്ള അവിശ്വസ്തതയാണ്. എത്രയോ പേർ പലവിധമായ അത്യാവശ്യ കാര്യങ്ങൾക്ക് പണമില്ലാതെ വിഷമിക്കുമ്പോൾ, പെൺമക്കളെ വിവാഹംകഴിച്ച് അയക്കുവാൻ ബുദ്ധിമുട്ടുമ്പോൾ, നിങ്ങളുടെ പണം അങ്ങനെയുള്ളവരെ സഹായിക്കാൻ കൊടുത്താൽ അവർക്കുണ്ടാകുന്ന പ്രയോജനവും തങ്ങൾക്ക് ലഭിക്കുന്ന സംതൃപ്തിയും ദുർവ്യയംകൊണ്ട് ഉണ്ടാവുകയില്ല. നിങ്ങളുടെ ആഡംബരങ്ങളെ പ്രകീർത്തിക്കുന്ന ആരെങ്കിലും കണ്ടേക്കാം; പക്ഷേ നല്ലൊരുപങ്കും നിങ്ങളെ വിമർശിക്കുന്നവർ ആയിരിക്കും, അതിൽ സംബന്ധിക്കുന്നവർ ഉൾപ്പെടെ.

വിവാഹം കഴിഞ്ഞതിനുശേഷം മധുവിധുവിനുവേണ്ടി ധാരാളം പണം ചെലവഴിക്കുന്നവർ ഉണ്ട്.

(ശേഷം പേജ് 14 – ൽ)

യൂത്ത് കോർണർ






Rev. Fr. ബേസിൽ ജോർജ്ജ്

# മൊബൈൽ അഡിക്ഷൻ

ഇന്ന് യുവജനങ്ങളുടെ ഇടയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ഒരു പ്രശ്നമാണ് മൊബൈൽ അഡിക്ഷൻ. അമിതമായ മൊബൈൽ ഫോണിന്റെ ഉപയോഗം അതിനോട് വിട്ടുമാറാത്ത ആസക്തിയിലേക്ക് നയിക്കുന്നു. പ്രധാനമായും മൂന്നു തരത്തിലുള്ള മൊബൈൽ ഉപയോക്താക്കൾ ഉണ്ട് എന്ന് ഒരു പഠനം പറയുന്നു. ഒന്നാമത്തെ കൂട്ടർ വളരെ നിയന്ത്രണവിധേയമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. ഇതു വളരെ ആരോഗ്യകരമായ രീതിയാണ്. രണ്ടാമത്തെ കൂട്ടർ, പ്രത്യേക നിയന്ത്രണങ്ങൾ ഒന്നുമില്ലെങ്കിലും അമിത ഉപയോഗത്തിൽ നിന്നും തങ്ങളെത്തന്നെ നിയന്ത്രിക്കുന്നു. മൂന്നാമത്തെ കൂട്ടർ അനിയന്ത്രിതമായും അനാരോഗ്യകരമായും മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. അവർക്ക് മൊബൈൽ ഫോൺ ഇല്ലാത്ത ഒരുനിമിഷംപോലും ജീവിതത്തിൽ ഇല്ല. അവർ എപ്പോഴും ഫോണിന്റെ സ്ക്രീനിൽ നോക്കിക്കൊണ്ടിരിക്കുകയും അത് എടുക്കാൻ മറന്നാൽ അസ്വസ്ഥരാവുകയും ചെയ്യും.

ഇന്ന് ഇന്ത്യൻ ജനസംഖ്യയിൽ എല്ലാവർക്കും ഒരു ടൂത്ത് ബ്രഷ് മാത്രം ഉള്ളപ്പോൾ ഒന്നിലേറെ മൊബൈൽ ഫോൺ ഉള്ളവരുടെ എണ്ണം വളരെയേറെയാണ്. ഇന്ന് മുതിർന്ന ഒരാളുടെ മൊബൈൽ ഉപയോഗത്തിന്റെ കണക്കെടുത്താൽ ശരാശരി നാലു മുതൽ അഞ്ചു മണിക്കൂർ വരെ എന്ന് കാണാൻ കഴിയും. ഫോൺ താഴെ വീണു പൊട്ടുന്നതിനെക്കാൾ പലരും സമ്മതിച്ചു കൊടുക്കുന്നത് തന്റെ കൈയുടെ എല്ലൊടിയുന്നതാണ്. അതായത് തന്റെ ശരീരത്തെക്കാൾ മൊബൈൽ ഫോണിന് പ്രാധാന്യം കൊടുക്കുന്ന ഒരു അവസ്ഥ.

ഇന്ന് മൊബൈൽ ഫോണുകൾ മയക്കുമരുന്നിനെക്കാൾ കൂടുതൽ ആസക്തി ഉളവാക്കുന്ന നിലയിലാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. വളരെ ആകർഷകമായ നിലയിൽ ഉണ്ടാക്കപ്പെടുന്ന മൊബൈൽ ഗെയിമുകളും വീഡിയോകളും വളരെ പെട്ടെന്ന് തന്നെ മനുഷ്യന്റെ മനസ്സിനെ അടിമത്തത്തിലേക്ക് നയിക്കുന്നു. ബ്രെയിൻ റിവാർഡ് (Brain Reward) പെട്ടെന്ന് ലഭിക്കുന്നതുകൊണ്ട് മറ്റേതൊരു വിനോദത്തെക്കാൾ സ്ക്രീൻ ഉപയോഗം നമ്മെ പെട്ടെന്ന് അടിമകളാക്കുന്നു.

ഇന്നു കാണുന്ന പ്രവണതകളിൽ ചിലത് വളരെ ഞെട്ടൽ ഉണ്ടാക്കുന്നവയാണ്.

**1. Digital Escape Room**

ഡിജിറ്റൽ എസ്കേപ്പ് റൂം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ജീവിതത്തിൽ എപ്പോഴെങ്കിലും ബോറടിക്കുമ്പോൾ അതു മാറ്റാൻ ഫോണിലേക്ക് തിരിയുന്ന അവസ്ഥ. ജോലിക്കിടയിലും പഠനത്തിനിടയിലും ഈ സാഹചര്യമുണ്ടാകുന്നത് പഠനത്തെ ഗൗരവമായി ബാധിക്കും.

**2. Ringxiety**

റിങ്സൈറ്റി എന്നത് മൊബൈൽ എപ്പോഴും റിംഗ് ചെയ്യുന്നു എന്ന തോന്നലാണ്.

**3. Nomophobia**

ഇത് കയ്യിൽ ഫോൺ ഇല്ലാത്ത സമയത്ത് ഉണ്ടാകുന്ന ഭയമാണ്. എനിക്ക് ഏതെങ്കിലും പ്രധാനപ്പെട്ട കോൾ വന്നുകാണുമോ, മെസ്സേജ് വന്നുകാണുമോ എന്നുള്ളതായ ആശങ്കയാണ്.

**4. Phubbing**

ഇത് മുൻപിൽ ഇരിക്കുന്ന ആളുകളെ അവഗ

ണിച്ചുകൊണ്ട് ഫോണിൽ നോക്കുന്ന ഒരു സാഹചര്യമാണ്.

**വീഡിയോ ഗെയിം അഡിക്ഷൻ**

വീഡിയോ ഗെയിം അഡിക്ഷന്റെ ചില ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്.

1. വെറുതെയിരിക്കുമ്പോൾ വീഡിയോകളെ കുറിച്ചുള്ള ചിന്ത കടന്നുവരുന്നു.

2. ഓരോ ദിവസവും കൂടുതൽ കൂടുതൽ സമയം ഫോണിൽ ചെലവഴിക്കുക.

3. ഗെയിം അഡിക്ഷൻ കാരണം ജീവിതത്തിന്റെ മറ്റു മേഖലകൾ പ്രതിസന്ധിയിലാകുക.

4. നിർത്തുവാൻ ശ്രമിച്ചിട്ടും കഴിയാതെവരിക

5. പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടാൻ മൊബൈൽ ഗെയിമിൽ അഭയംതേടുക.

മേൽപ്പറഞ്ഞ ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടെങ്കിൽ വളരെ ഗൗരവതരമായ ഫോൺ അഡിക്ഷന് നാം അടിമകൾ ആണെന്ന് മനസ്സിലാക്കുക.

**സ്ക്രീൻ അഡിക്ഷനിൽനിന്ന് രക്ഷപ്പെടുവാൻ ചില മാർഗ്ഗങ്ങൾ**

1. കൺമുമ്പിൽനിന്നും ഫോൺ മാറ്റിവെക്കുക.

പഠിക്കാനിരിക്കുമ്പോൾ മേശപ്പുറത്ത് ഇരിക്കുന്ന ഫോണെടുത്ത് നോക്കാൻ പ്രേരിപ്പിക്കും. അതേസമയം ഫോൺ കൺമുമ്പിൽനിന്നും മേശയുടെ ഡ്രോയിലേക്ക് മാറ്റിയാൽ, മറ്റൊരു മുറിയിൽ വെച്ചാൽ ഫോൺ എടുക്കുവാനുള്ള പ്രേരണ കുറയും.

2. ഫോണിന്റെ നോട്ടിഫിക്കേഷൻ ഓഫ് ചെയ്യുക.

എപ്പോഴും ഫോണിൽ യൂട്യൂബിന്റെയോ ഇൻസ്റ്റഗ്രാമിന്റെയോ ഒക്കെ നോട്ടിഫിക്കേഷൻ വന്നുകൊണ്ടിരുന്നാൽ അതെടുത്തുനോക്കാനുള്ള പ്രേരണ കൂടിവരും. അവ ഓഫ് ചെയ്തുവെച്ചാൽ അഡിക്ഷൻ കുറെക്കാൻ സഹായിക്കും.

3. അനാവശ്യമായിട്ടുള്ള വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നിന്നും എക്സിറ്റ് അടിക്കുക.

നാം എല്ലാവരും ഒരുപാട് വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ അംഗങ്ങളാണ്. അനാവശ്യമായ ഗ്രൂപ്പുകളിൽനിന്നും ഇറങ്ങുന്നത് ആസക്തി കുറയാൻ സഹായിക്കും.

4. കൂടുതൽ ആസക്തി ഉണ്ടാക്കുന്ന ആപ്ലിക്കേഷനുകൾ അൺഇൻസ്റ്റോൾ ചെയ്തിട്ട് ബ്രൗസറിൽ ഓപ്പൺ ചെയ്യുക.

ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് മുതലായ ആപ്ലിക്കേഷനുകൾ അൺഇൻസ്റ്റോൾ ചെയ്തിട്ട് അവ ബ്രൗസറിൽ ഓപ്പൺ ചെയ്താൽ അതിന്റെ എല്ലാ ഫീച്ചറുകളും വർക്ക് ചെയ്യാതിരിക്കുകയും ആസക്തി ഉണ്ടാകുന്നതിൽനിന്ന് ഒരു പരിധിവരെ നിയന്ത്രിക്കുകയും ചെയ്യും.

5. വിനോദത്തിനായി സ്ക്രീനിനു പുറത്ത് കളിക്കുക.

വിനോദത്തിനു വേണ്ടി ഗ്രൗണ്ടിൽ പോയി കളിക്കുന്നത് സ്ക്രീൻ അഡിക്ഷനിൽനിന്ന് പുറത്തു വരാനുള്ള ഏറ്റവും സഹായകരമായ കാര്യമാണ്. വിനോദം എപ്പോഴും ഫോണിന് പുറത്താകട്ടെ.

6. ഫോൺ കളർമോഡിൽനിന്നും ഗ്രേ സ്കെയിലിലേക്ക് (Greyscale) മാറ്റുക.

ഫോണുകളെ ആകർഷകമാക്കുന്നത് അതിന്റെ കളർ ആണ്. ബെഡ്റും മോഡിലോ ഗ്രേ സ്കെയിൽ മോഡിലോ ഇടുമ്പോൾ സ്ക്രീനുകൾ ആകർഷകത്വം കുറഞ്ഞവയാകുകയും ആസക്തി കുറയുകയും ചെയ്യും.

കർത്താവിൽ എപ്പോഴും സന്തോഷിക്കുവാൻ കഴിഞ്ഞാൽ അതാണ് ഏതൊരു അസക്തിയെയും ജയിക്കുവാൻ സഹായകരമാക്കുന്നത്. അതിനാൽ കർത്താവ് നമ്മെ ബലപ്പെടുത്തട്ടെ.

●●●

(പേജ് 12 – ൽ നിന്നും)

വിവാഹിതരാകുന്ന കമിതാക്കൾ കുറച്ചുദിവസത്തേക്ക് അവരവർ മാത്രമുള്ള ഒരു ലോകത്തിൽ സ്വസ്ഥമായി ജീവിക്കുന്നത് അഭികാമ്യമാണ്. ശാന്തമായ ഒരു സാഹചര്യത്തിൽ അവർ യാത്രപോകുന്നതും നല്ലതാണ്. പ്രധാന ഉദ്ദേശ്യം അവർ തമ്മിൽ കൂടുതൽ മനസ്സിലാക്കുവാനും വ്യത്യാസങ്ങൾ അംഗീകരിക്കുവാനും ലക്ഷ്യങ്ങൾ പങ്കിടുവാനും പ്രാർത്ഥിച്ച് തീരുമാനിക്കുവാനും ആയിരിക്കണം. ലൈംഗികബന്ധവും അതിൽ ഉൾപ്പെടുന്നു. എന്നാൽ ലൈംഗികബന്ധത്തോടുള്ള പല മർമ്മങ്ങളും കാര്യങ്ങളും വ്യക്തമായി മനസ്സിലാക്കി അതിൽ ഏർപ്പെടുന്നില്ലായെങ്കിൽ, അത് അന്യോന്യം ഉള്ള സംഘർഷങ്ങൾക്ക് കാരണമായിത്തീരാം. ശാരീരികവും മാനസികവുമായ ശരിയായ ധാരണക്ക് ശേഷം, ധാരണയോടൊപ്പം ഉള്ള ശാരീരിക ബന്ധമാണ് ആവശ്യമായിരിക്കുന്നത്. ഫലമെല്ലാം നേരത്തെ വിചാരിച്ചത്പോലെയോ ആഗ്രഹിച്ചതുപോലെയോ ആകണമെന്ന് നിർബന്ധമില്ല. എന്നാൽ പൊരുത്തക്കേടുകൾ പൊരുത്തപ്പെടാൻ ആവാത്ത സ്ഥാനത്ത് ചെന്നെത്താതിരിക്കത്തക്കവണ്ണം അന്യോന്യം ബഹുമാനത്തോടും സ്നേഹത്തോടും കരുതലോടും ആയിരിക്കണം ഇടപാടുകൾ എല്ലാം.

(തുടരും)

●●●

വനിതാ
വിചാരം





സോജ ടോണി

# വിശ്വാസത്തിന്റെ ദീപസ്തംഭം

"യബ്ബേസ് യിസ്രായേലിന്റെ ദൈവത്തോടു: നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ചു എന്റെ അതിർ വിസ്താരമാക്കുകയും നിന്റെ കൈ എന്നോടുകൂടെ ഇരുന്നു അനർത്ഥം എനിക്ക് വ്യസനകാരണമായി തീരാതവണ്ണം എന്നെ കാക്കുകയും ചെയ്താൽ കൊള്ളായിരുന്നു എന്നു അപേക്ഷിച്ചു അവൻ അപേക്ഷിച്ചതിനെ ദൈവം അവന്നു നല്കി" (1 ദിനവൃത്താന്തം 4:10).

ബാബിലോണിയൻ പ്രവാസത്തിനുശേഷം രചിക്കപ്പെട്ട ഒന്നാം ദിനവൃത്താന്തപുസ്തകത്തിൽ യിസ്രായേലിന്റെ ചരിത്രവും പൈതൃകവും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഒന്നാം അദ്ധ്യായം മുതൽ പേരുകളുടെ നീണ്ടനിര നമുക്കു കാണാം. നാലാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ വിശ്വാസത്തിന്റെ ദീപസ്തംഭമായി യബ്ബേസ് വേറിട്ടുനിൽക്കുന്നു. അദ്ദേഹത്തെക്കുറിച്ച് വളരെ ഹ്രസ്വമായി മാത്രമെ പ്രതിപാദിച്ചിട്ടുള്ളുവെങ്കിലും വിശ്വാസികൾക്ക് ആത്മീയവും മാനസികവുമായ ഉന്നമനത്തിന് ഈ പ്രാർത്ഥന ഊട്ടുറ്റതാണ്. 4:9-ൽ യബ്ബേസ് തന്റെ സഹോദരന്മാരെക്കാൾ ഏറ്റവും മാന്യൻ ആയിരുന്നു; അവന്റെ അമ്മ: ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞു അവന്നു യബ്ബേസ് എന്ന് പേരിട്ടു. പ്രയാസകരമായ ജനനവും ജീവിതത്തിൽ വെല്ലുവിളികളും ഉണ്ടായിട്ടും വിജയത്തിന്റെ കഥയാണ് യബ്ബേസിന്റേത്.

യബ്ബേസ് സഹോദരന്മാരെക്കാൾ മാന്യൻ ആയിരുന്നു. ദൈവവുമായി ഒരു ശക്തമായ ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രാർത്ഥനയുടെ ശക്തിയെ തിരിച്ചറിഞ്ഞ വ്യക്തിയുമായിരുന്നു അദ്ദേഹം. പ്രിയരെ, ഒരുപക്ഷെ നമ്മുടെ ജീവിതം ബാല്യം മുതൽ കഷ്ടത നിറഞ്ഞതായിരിക്കും. ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞാണ് അമ്മ യബ്ബേസിന് ആ പേരിട്ടത്. ജീവിത സാഹചര്യങ്ങൾ വളരെ പ്രയാസമേറിയതായിരുന്നുവെങ്കിലും അതിനെ അതിജീവിക്കാനും വിജയം നേടാനുമുള്ള കഴിവ് ദൈവാശ്രയത്താൽ യബ്ബേസ് ആർജ്ജിച്ചെടുത്തു. നാം ദൈവത്തെ കുറ്റം പറയാതെ, നമ്മുടെ സാഹചര്യങ്ങൾ പ്രതികൂലമാണെങ്കിലും ദൈവവുമായൊരു ബന്ധം നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ഉണ്ടെങ്കിൽ നാം ജയാളിയായി മാറും.

നാം ഏതു ഭവനത്തിൽ ജനിച്ചു എന്നതോ, നമ്മുടെ പേരുകളോ അല്ല നമ്മുടെ വ്യക്തിത്വം നിർണ്ണയിക്കുന്നത്. നാമും ദൈവവുമായുള്ള ബന്ധമാണ് നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നത്. യബ്ബേസിന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ പേരും സ്വഭാവവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കൂ! ദു:ഖവും വേദനയും മനുഷ്യജീവിതത്തിൽ സർവ്വസാധാരണമാണ്. എന്നാൽ അതിനെ അതിജീവിക്കുവാൻ വേണ്ടത് ദൈവകൃപയാണ്. അതിന് ദൈവവുമായി ആഴമായ ബന്ധത്തിൽ നാം ആയിരിക്കണം. ദാവീദ് പറഞ്ഞു: "അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു;എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും" (സങ്കീ.27:10)

നമ്മുടെ ജീവിതത്തെ ശൂന്യമായ ഒരു ക്യാൻവാസായി ദൈവത്തിന് സമർപ്പിക്കുക. ദൈവശാസ്ത്രജ്ഞനും എഴുത്തുകാരനുമായ ജോൺ പൈപ്പർ ഇങ്ങനെ എഴുതി : ഈ ഭൂമിയിൽ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെ തിരിച്ചറിയുന്നതിനായി ജീവിതത്തെ സമർപ്പിക്കുകയും, അതിനായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുക. യേശുവുമായുള്ള നമ്മുടെ വ്യക്തിപരമായ

ബന്ധം നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ വെളിപ്പെടുത്തിത്തരും. "നിങ്ങളോ, പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നേ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും" (യൂദാ. 20) മുന്നോട്ടുപോകുക നമ്മുടെ പ്രാർത്ഥന ജീവനുള്ളതും ആത്മാവിൽ നിറഞ്ഞതുമായി മാറട്ടെ.

തലമുറകളായി വിശ്വാസികളുടെ ഹൃദയത്തെ കീഴടക്കിയ ചെറുതും എന്നാൽ ശക്തവുമായ പ്രാർത്ഥനയാണ് യബ്ബേസിന്റെ പ്രാർത്ഥന. യബ്ബേസ് നാലു കാര്യങ്ങൾക്കായി പ്രാർത്ഥിച്ചു.

**1. നിശ്ചയമായും എന്നെ അനുഗ്രഹിക്കണം**

താൻ വിശ്വസിച്ച ദൈവമാണ് എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമെന്ന് യബ്ബേസിന് അറിയാമായിരുന്നു. അതുകൊണ്ടാണ് തന്നെ അനുഗ്രഹിക്കാൻ ദൈവത്തോട് അപേക്ഷിച്ചത്. ഭൗതികമായ നന്മയല്ല, നല്ല ബന്ധങ്ങൾ, അനുകമ്പയുള്ള ഹൃദയം, മന:സമാധാനം, സൗമ്യമായ പെരുമാറ്റം തുടങ്ങിയ ആത്മീയമായ അനുഗ്രഹമാകാം. നാം ദൈവത്തോട് അപേക്ഷിക്കുമ്പോൾ ദൈവം നമ്മെ ആത്മീയമായും ഭൗതികമായും അനുഗ്രഹിക്കുന്നു. ശലോമോൻ രാജാവിന്റെ പ്രാർത്ഥന ശ്രദ്ധിക്കണമേ (1 രാജാക്കന്മാർ 3: 5-14) നീ ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ഒന്നും അപേക്ഷിക്കാതെ ന്യായപാലനത്തിനുള്ള വിവേകം എന്ന ഈ കാര്യം മാത്രം അപേക്ഷിച്ചതുകൊണ്ടു... സമ്പത്തും മഹത്വവും കൂടെ ഞാൻ നിനക്കു തന്നിരിക്കുന്നു.

**2. അതിരുകളെ വിശാലമാക്കണം**

ഇവിടെ തന്റെ ഭൂപ്രകൃതിയുടെ അതിരുകളെ വിസ്താരമാക്കുവാനല്ല യബ്ബേസ് ദൈവത്തോട് അപേക്ഷിച്ചത്. തന്റെ ഹൃദയത്തെ വിശാലമാക്കണം. അതിലൂടെ ദൈവസ്നേഹം മറ്റുള്ളവരിലേക്ക് പകർന്നു നൽകണം. നാം ദൈവത്തിന്റെ സ്നേഹം അനുഭവിച്ചെങ്കിൽ, അനുഗ്രഹങ്ങളെ പ്രാപിച്ചെങ്കിൽ മറ്റുള്ളവരിലേക്ക് ആ സ്നേഹത്തെ പകർന്നുനൽകൂ! ദൈവം താങ്കളെ ഉപയോഗിക്കട്ടെ.

**3. ദൈവത്തിന്റെ കൈ തന്നോട് കൂടെ ഇരിക്കണം**

ഒരു വ്യക്തിയെന്ന നിലയിൽ നമുക്കുള്ള ബലഹീനതകളും കുറവുകളുമെല്ലാം നാം തിരിച്ചറിയണം. ഇവിടെ യബ്ബേസ് തന്റെ ബലഹീനതകളും ദൗർബല്യങ്ങളുമെല്ലാം മനസ്സിലാക്കി. ദൈവത്തിന്റെ സഹായം തനിക്ക് ആവശ്യമാണ്. തന്നെ ശരിയായ പാതയിൽ നയിക്കുവാനും, തന്റെ യാത്രയിൽ തന്നെ താങ്ങുവാനും ദൈവത്തിന്റെ കൈ തന്റെ കൂടെ ഉണ്ടായിരിക്കണമെന്ന് അപേക്ഷിച്ചു. "നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും" (യെശ. 41:10).

**4. അനർത്ഥം വ്യസനകാരണമായി തീരാതവണ്ണം എന്നെ കാക്കണം.**


തന്റെ ജീവിതത്തെ ദൈവകരങ്ങളിൽ പൂർണ്ണമായി സമർപ്പിച്ചപ്പോൾ തന്റെ പേരിന്റെ വേദനയുണ്ടാക്കുന്ന എന്ന അർത്ഥത്തെ യബ്ബേസ് മറന്നു. തന്നെ കാക്കണമെന്ന് അപേക്ഷിച്ചു.

എല്ലാ സാധ്യതകളും എതിരായിരുന്നപ്പോൾ, തന്റെ ജീവിതത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പ്രാർത്ഥനയോടെ മുന്നേറുന്ന യബ്ബേസ് നമുടെ ജീവിതത്തിന്റെ ഒരു മാതൃകയാകട്ടെ. ജീവിതത്തിൽ നേരിടുന്ന പ്രയാസങ്ങളുടെ മദ്ധ്യേ ഓരോ ചുവടുവെപ്പിലും നമ്മെ നയിക്കേണമേയെന്നു ദൈവത്തോട് പ്രാർത്ഥിക്കാം.

"അവൻ അപേക്ഷിച്ചതിനെ ദൈവം അവന്നു നല്കി" ദൈവം അനുഗ്രഹിക്കട്ടെ.

●●●

# ആദരാഞ്ജലികൾ



## സി. ജോർജ്ജ് (79)

ഇ.ജി.എം.ഓഫ് ഇന്ത്യയുടെ സഹകാരിയായിരുന്ന ബാംഗ്ലൂർ കുറയിൽ വീട്ടിൽ ശ്രീ. സി. ജോർജ്ജ് (79 വയസ്സ്) 11.06.2025-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം കുടുംബത്തെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# വിവിധ മിഷൻ ഫീൽഡുകളിൽ നടന്ന സൺഡേസ്കൂൾ VBS-ൽ നിന്നും

## ഛത്തീസ്ഗഢ്


ഒഡീഷ (മുനിഗുഡ)


സക്തി


കർബ


ജാംബുവ


ദാത്തിയ


സത്ന


തെലങ്കാന (ഖമ്മം)


രാജസ്ഥാൻ (ബാൻസ് വാഡ)


ഒഡീഷ (കണ്ഡമാൽ)


മഹാരാഷ്ട്ര (ഗോന്ദിയ)

# SAFAL CA















# AMP 2025

2025 മെയ് 11 മുതൽ 13 വരെ ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ അല്ലപ്രയിലെ EGM മിഷൻ സെന്ററിൽ വച്ച് വിദ്യാർത്ഥികൾക്കുള്ള സഫല റെസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു.

"ജീവിതത്തിന്റെ ലക്ഷ്യസ്ഥാനം കണ്ടെത്തുക" എന്നതിൽ കേന്ദ്രീകരിച്ചുള്ളതായിരുന്നു ക്യാമ്പ്. കഥകൾ, പാട്ടുകൾ, ആക്ഷൻ സോങ്, ബൈബിൾ ജീവിത പാഠങ്ങൾ, ധാർമ്മികവും ആത്മീയവുമായ വികസനത്തെക്കുറിച്ചുള്ള സെഷനുകൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, മ്യൂസിക് ലെസ്സൺ, കളികൾ, മത്സരങ്ങൾ, കൗൺസലിംഗ് എന്നിവയാൽ സമ്പുഷ്ടമായിരുന്നു ക്യാമ്പ്.

പുതുതലമുറയുടെ സർവ്വതോന്മുഖ വളർച്ചക്കും സൗഖ്യത്തിനും ആത്മീയ പ്രകാശനത്തിനും സഹായിക്കുക എന്ന ദർശനത്തോടെ മുന്നോട്ട് നീങ്ങുവാൻ ക്യാമ്പ് സഹായകമായി.

ഉദ്ഘാടനം നിർവഹിച്ച Sri. ബേബി ജോർജ്, വിവിധ സെഷനുകൾക്ക് നേതൃത്വം നൽകിയ Mis. രഞ്ജു, Br. രാജൻ, Br. ജീവൻ, Br. ജെറിൻ, Dr. വി. പി. മത്തായി എന്നിവരോടും, ഭക്ഷണ, താമസ സൗകര്യം ഒരുക്കുവാൻ സഹായിച്ച എല്ലാവരെയും, കൂടാതെ പ്രാർത്ഥിച്ചും ഈ സൗജന്യ ക്യാമ്പിന്റെ നടത്തിപ്പിന് സാമ്പത്തികമായി സഹായിച്ച ഏവരെയും ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു. പങ്കുചേർന്ന എല്ലാ കൂട്ടുകാരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



Dr. നെൽസൻ മാത്യു വാലയിൽ












# ഈ വർഷത്തെ നമ്മുടെ ഉത്തരവാദിത്വം



വിക്രം രാം സിംഗ് വാസവ, ഗുജറാത്ത്



ഭരത് പട്ടേൽ, രാജസ്ഥാൻ



രാജേഷ് മൈഡ, മദ്ധ്യപ്രദേശ്



മഹേഷ് റ്റുഡു, വെസ്റ്റ് ബംഗാൾ



വീർസിംഗ്, മദ്ധ്യപ്രദേശ്



ദിനേഷ് ഭായി വാൽവി, ഗുജറാത്ത്

## സ്വന്തമായി സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ



വിക്ടർ സോയി, അസ്സം
മിഷനറി



സുനിത കുമാരി, ബീഹാർ
മിഷനറി



ഉപേന്ദ്ര സോറൻ, ബീഹാർ
വിശ്വാസി

## കൃപാ ഭവൻ ദാൻ യോജന

ഈ പദ്ധതിയുടെ ഭാഗമായി ഭവനരഹിതരായിട്ടുള്ള നമ്മുടെ വിശ്വാസികൾക്കും മിഷനറിമാർക്കും വീടുകൾ നിർമ്മിച്ച് നൽകുന്നു. നാലു വീടുകൾ നാം പണിതു. അവയുടെ താക്കോൽദാനം നിർവ്വഹിച്ചു. നാലു വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ഫീൽഡുകളിൽ 3.5 ലക്ഷം മുതൽ നാലു ലക്ഷം രൂപ വരെയാണ് നിർമ്മാണ ചിലവ്.

വളരെ ആഗ്രഹത്തോടെ നാം ആരംഭിച്ച "കൃപാ ഭവൻ ദാൻ യോജന" ഭാരതഗ്രാമങ്ങളിലെ നമ്മുടെ മിഷൻ ഫീൽഡുകളിൽ വിശ്വാസികളായവർക്ക് തലചായ്ക്കാൻ ഇടം നൽകുന്നു. ഈ പദ്ധതിയിൽ എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ താങ്കളും പങ്കാളിയാകണമേ".

# ദൈനംദിന സഹായി

**വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.**

## 01

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 1–10**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധപന സുവർണ്ണ രാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരയണ
**വിഷയങ്ങൾ** : നിരീക്ഷണ, സ്തുതി- പഠനത്തിന്റെ അനുഗ്രഹത്തിനായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, പുതിയവേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 11–18**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംഗ്
**വിഷയങ്ങൾ** : സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, ഫീൽഡിലെ വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 19–26**
**മിഷൻ ഫീൽഡ്** : അസം (ബൊംഗൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റേ, ജോൺസ് ലീഡർ നാസറസി
**വിഷയങ്ങൾ** : സുനിത- ലിവർ പ്രോബ്ലം സൗഖ്യത്തിനായും, ചിരാങ്ങ്, കൊക്രജാർ, സുബൈജാർ, ബൊംഗൈഗാവ് എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും, ഫീൽഡിലെ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 27–34**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : അമിത - കഴുത്തു വേദന സൗഖ്യത്തിനായും, ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 35–39**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഭഗവാൻ- മദ്യപാനത്തിൽ നിന്നും വിടുതലിനായും, ഭഗവാൻ- സുനിത- കുടുംബവഴക്കിനെ തുടർന്ന് അകന്നു കഴിയുന്നു. അവർ തമ്മിലുള്ള പിണക്കം മാറുവാനും, ഫീൽഡിൽ വേല വളരുന്നതിനായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 40–47**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : മഹേഷ് - സന്ധിവാതം, മുന്ന - കാൻസർ, ജാഗൻ- തളർവാതം, ദേവലി- ഷുഗർ, കലേശ്വർ- കഴുത്തു വേദന, ഇവരുടെ സൗഖ്യത്തിനായും, ഉഷ- കുടുംബ സമാധാനം, സഞ്ജീവ് - വിവാഹത്തിന്റെ അനുഗ്രഹത്തിനായും ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **സങ്കീർത്തനങ്ങൾ 48–55**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, മൽബാരി ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം.

**08**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 56–63** |
| **മിഷൻ ഫീൽഡ്** | : | ഛത്തീസ്ഗഡ് (ബിലാസ്പൂർ) |
| **പ്രവർത്തകർ** | : | രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരയൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർ ലാൽ ലോട്ട്റെ, രാജേന്ദ്ര കുമാർ പട്ടേൽ, ശ്യാം കുമാർ കിഷോർ, ധന്വേശർ സിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ |
| **വിഷയങ്ങൾ** | : | ഉത്തം- ശ്വാസ തടസ്സം, മെഹത്തർ- ബി.പി നോർമൽ ആകുവാനും, സന്തോഷ് - ഗംഗ- മക്കളില്ലാതെ ഭാരപ്പെടുന്നു. ജാനകി- കുടുംബമായി മാനസാന്തരപ്പെടുവാനും, ഉർഗ ഗ്രാമത്തിൽ ചർച്ചു പണിയുന്നതിനായും എല്ലാ വിശ്വാസികളും ആത്മീയായി വളരുവാനും, ഫീൽഡിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം. |

**09**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 64–69** |
| **മിഷൻ ഫീൽഡ്** | : | ഛത്തീസ്ഗഡ് (മുംഗേലി) |
| **പ്രവർത്തകർ** | : | രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു |
| **വിഷയങ്ങൾ** | : | അഞ്ചനി- വീടുപണിയുടെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**10**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 70–76** |
| **മിഷൻ ഫീൽഡ്** | : | ഗുജറാത്ത് (സൂറത്ത്) |
| **പ്രവർത്തകർ** | : | വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആശേർ) വാൽവി ദിനേഷ് ഭായി |
| **വിഷയങ്ങൾ** | : | ആശിഷ് ബ്ലഡ് കുറവ്, ക്ഷീണം, പ്രതാപ് - നടുവേദന, ആരോൻ- ഛർദ്ദി, പനി, വിനോദ് തളർവാതം, ഊർമ്മിള- ബ്ലഡ് കുറവ്, ക്ഷീണം ഇവരുടെ സൗഖ്യത്തിനായും, ശാർമ്മിള- സാത്താന്യബന്ധനം വിടുതലിനായും, ഗംഗാപൂർ ഗ്രാമത്തിൽ പ്രാർത്ഥനഹാൾ പണിയുന്നതിനായും, ഗംഗാപൂർ, ഉദംപൂർ, ആമ്പലിബാരി എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

**11**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 77–80** |
| **മിഷൻ ഫീൽഡ്** | : | ഹിമാചൽപ്രദേശ് (സിംല) |
| **പ്രവർത്തകർ** | : | അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ) |
| **വിഷയങ്ങൾ** | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**12**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 81–88** |
| **മിഷൻ ഫീൽഡ്** | : | ജമ്മു – കാശ്മീർ (ഉധംപൂർ) |
| **പ്രവർത്തകർ** | : | ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽബുഷൻ കുമാർ |
| **വിഷയങ്ങൾ** | : | ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

**13**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 89–96** |
| **മിഷൻ ഫീൽഡ്** | : | ജാർഖണ്ഡ് (റ്റാറ്റാനഗർ) |
| **പ്രവർത്തകർ** | : | പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ |
| **വിഷയങ്ങൾ** | : | ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

**14**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 97–104** |
| **മിഷൻ ഫീൽഡ്** | : | കർണ്ണാടക (ഹസ്സൻ) |
| **പ്രവർത്തകർ** | : | ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി) |
| **വിഷയങ്ങൾ** | : | വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

**15**

| | | |
|---|---|---|
| **വായനഭാഗം** | : | **സങ്കീർത്തനങ്ങൾ 105–107** |
| **മിഷൻ ഫീൽഡ്** | : | മദ്ധ്യപ്രദേശ് (ജാംബുവ) |
| **പ്രവർത്തകർ** | : | അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്, ദേവിലാൽ |
| **വിഷയങ്ങൾ** | : | വിനിത- സുഖപ്രസവത്തിനായും, ലാലു- റ്റി ബി, നാനി- കൈകാലുകൾക്ക് നീര്, എഴുന്നേറ്റ് നടക്കാൻ പ്രയാസം, ഉദയ്പുരാ, അമർദാര ഗ്രാമത്തിൽ ആരാധന നടക്കുന്നു. സുവിശേഷവിരോധികൾ യാതൊരുവിധ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കുവാനും, അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനകൂട്ടായ്മയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

**16**

വായനഭാഗം : **സങ്കീർത്തനങ്ങൾ 108–117**

മിഷൻ ഫീൽഡ് : മഹാരാഷ്ട്ര (ഗോന്ദിയ)

പ്രവർത്തകർ : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലലിത് ജനബന്ധു, സായിനാഥ് മല്ല

വിഷയങ്ങൾ : മഹേന്ദ്ര-തളർവാതം, ഇന്ദിര-ബിപി, ഷുഗർ ഇവരുടെ സൗഖ്യത്തിനായും, രഞ്ജു, പ്രത്വിരാജ്, ദുർഗ്ഗ, സതീഷ്-കുടുംബസമാധാനത്തിനായും, രാമേശ്വർ, ഉഷ, സച്ചിൻ, രാജ്കുമാർ, മനീഷ, നീലുബായി-സാമ്പത്തിക ബുദ്ധിമുട്ട് മാറുവാനും, രവികിരൺ, ഓംകാർ, ശംഗർ, ചന്ദ്രൻ-വീടുപണിയുടെ അനുഗ്രഹത്തിനായും, പ്രകാശ്, ചാഗൻ, അൻകുഷ്, അരവിന്ദ്, ബാവുദാസ്, പ്രത്വിരാജ്-മദ്യപാനത്തിൽ നിന്നും വിടുതലിനായും സുവിശേഷ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**17**

വായനഭാഗം : **സങ്കീർത്തനങ്ങൾ 118, 119**

മിഷൻ ഫീൽഡ് : മേഘാലയ (ഷില്ലോങ്)

പ്രവർത്തകർ : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി)

വിഷയങ്ങൾ : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**18**

വായനഭാഗം : **സങ്കീർത്തനങ്ങൾ 120–133**

മിഷൻ ഫീൽഡ് : നാഗാലാന്റ് (ഡിമാപൂർ)

പ്രവർത്തകർ : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)

വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

വായനഭാഗം : **സങ്കീർത്തനങ്ങൾ 134–142**

മിഷൻ ഫീൽഡ് : ഒഡീഷ (കണ്ഡമാൽ)

പ്രവർത്തകർ : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആഷേഷ്, അർച്ചന, അഞ്ജന)

വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

വായനഭാഗം : **സങ്കീർത്തനങ്ങൾ 143–150**

മിഷൻ ഫീൽഡ് : ഒഡീഷ (കൊട്ടഗ്രാ)

പ്രവർത്തകർ : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)

വിഷയങ്ങൾ : പ്രെയർ ഹാൾ പണിയുന്നതിനും, വേലയുടെ അനുഗ്രഹത്തിനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

വായനഭാഗം : **സദൃശ്യവാക്യങ്ങൾ 1–6**

മിഷൻ ഫീൽഡ് : ഒഡീഷ (ഹത്മുനിഗുഡ)

പ്രവർത്തകർ : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)

വിഷയങ്ങൾ : പത്മസേന-സ്വന്തമായൊരു ഭവനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**22**

വായനഭാഗം : **സദൃശ്യവാക്യങ്ങൾ 7–10**

മിഷൻ ഫീൽഡ് : ഒഡീഷ (കൽഹണ്ടി)

പ്രവർത്തകർ : ആശിഷ് സിംഗ് (ഭാര്യ: മുക്ത)

വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാരെ ലഭിക്കുവാനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**23**

വായനഭാഗം : **സദൃശ്യവാക്യങ്ങൾ 11–15**

മിഷൻ ഫീൽഡ് : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)

പ്രവർത്തകർ : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി)
രാം രാജ് എം.ജി. (ഭാര്യ മംമ്ത, മക്കൾ: ജറീന, ജമീമ) തുപേശ്വർ മാജി

വിഷയങ്ങൾ : സീന-കുടുംബത്തിന്റെ അനുഗ്രഹത്തിനായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും, സൺഡേസ്കൂൾ പഠിക്കുന്ന എല്ലാ കുട്ടികൾക്കായും അവരുടെ കുടുംബത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**24**

**വായനഭാഗം** : **സദൃശ്യവാക്യങ്ങൾ 16 – 19**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്‌രൂപ് കൗർ), രാജ് പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**25**

**വായനഭാഗം** : **സദൃശ്യവാക്യങ്ങൾ 20 – 24**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്‌വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്‌സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്‌വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ് ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : നിർമ്മ- കാലിന്റെ വേദന സൗഖ്യത്തിനായും, ഉദയ്പൂർ ജില്ലയിലെ വേലയുടെ അനുഗ്രഹത്തിനായും, സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, പാലിബഡി ഗ്രാമത്തിലെ മദ്യപന്മാരുടെ വിടുതലിനായും, പുതിയവേലസ്ഥലങ്ങൾ ലഭിക്കുവാനും, സാലിബാഡി ഗ്രാമത്തിലെ കൂട്ടായ്മക്കായും, ഗ്രാമങ്ങളിലെ വേലയുടെ വളർച്ചക്കും വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**26**

**വായനഭാഗം** : **സദൃശ്യവാക്യങ്ങൾ 25 – 28**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികൾക്കായും, വേലവളരുവാനും, ഗുഡിചേരി ഗ്രാമത്തിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

**27**

**വായനഭാഗം** : **സദൃശ്യവാക്യങ്ങൾ 29 – 31**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സൂസന്ന, സാറ്റ്‌വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റോ
**വിഷയങ്ങൾ** : മുച്ചല ഫീൽഡിലെ ചർച്ച് പണിയുടെ പൂർത്തികരണത്തിനായും, പുതിയ വിശ്വാസികളെ ലഭിക്കുവാനും, വേല വളരുന്നതിനും പ്രാർത്ഥിക്കാം.

**28**

**വായനഭാഗം** : **സഭാപ്രസംഗി 1 – 6**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ) ഭോലനാഥ് സുമൻ
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**29**

**വായനഭാഗം** : **സഭാപ്രസംഗി 7 – 10**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : വികാസ് ലാൽ (ഭാര്യ: മംമ്ത,മകൻ: എനോക്ക്), ഗുഡു ബഹദൂർ, (ഭാര്യ: ഗുൺവന്തി, മകൾ: ആഗ്യ) ഹർമീന്ദ് സിംഗ്(ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ പ്രവർത്തനങ്ങൾ ഫീൽഡിൽ ഒത്തിരി പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**30**

**വായനഭാഗം** : **സഭാപ്രസംഗി 11, 12**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി, കട്ടൽഗുരി)
**പ്രവർത്തകർ** : ഉമേഷ് കുമാർ ഹെംബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു, ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല, മകൻ: ദേവ്)
**വിഷയങ്ങൾ** : സുഖ്മുനി - കേൾവിക്കുറവ്, സോന - കാഴ്ച്ചക്കുറവ്, ഇവരുടെ സൗഖ്യത്തിനായും, ജൂലി, വിനോദ് - ആത്മിയമായി വളരുവാനും, മോഹൻ - മദ്യപാനം മാറുവാനും ബനാർഹട്ട്, കട്ടൽഗുരി ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്

## ഗാർഡിയൻ പ്രേയർ സെൽ

ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക

**CALL: 9446610923**
E-mail: guardianprayercell@gmail.com
www.egmofindia.com





റവ. സണ്ണി കെ. ജോൺ

# ക്രിസ്തുവിശ്വാസിയുടെ സാമൂഹ്യ കടമകൾ

"ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു..... തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക." (റോമർ 12:3-21)

ക്രിസ്തുവിശ്വാസി ഒരു സമൂഹത്തിന്റെ അംഗമാകയാൽ അവനു സാമൂഹികമായ പല കടമകൾ ഉണ്ട്.

അവ ഈ വാക്യങ്ങളിൽ കാണാം. സഭ ക്രിസ്തുവിന്റെ ശരീരം എന്ന ആശയം ഇവിടെയും 1 കൊരി. 12-ാം അദ്ധ്യായത്തിലും പൌലൊസ് പ്രതിപാദിച്ചിരിക്കുന്നു. ഈ കടമകൾ ശരിയായി നിറവേറ്റണമെങ്കിൽ ക്രിസ്ത്യാനി ശരിയായ വിധത്തിൽ തന്റെ കഴിവുകളെയും പരിമിതികളെയും വിലയിരുത്തേണ്ടതാകുന്നു. അതാണ് 4-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. രണ്ടാമതായി, ദൈവം നമുക്ക് തന്നിരിക്കുന്ന താലന്തുകൾ സ്വന്തം മഹിമക്കായിട്ടല്ല, സഭയാകുന്ന ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രയോജനത്തിനായി ഉപയോഗിക്കേണ്ടതാണ്. (6-8) പ്രവചനം അഥവാ ക്രിസ്തീയ സത്യങ്ങൾ മറ്റുള്ളവരോട് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുന്നതിനുള്ള പ്രാപ്തി, ശുശ്രൂഷ അഥവാ പലവിധത്തിലുള്ള സേവനം, ഉപദേശം അഥവാ ഗുരു എന്ന നിലയിൽ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനുള്ള കഴിവ്, പ്രബോധനം അഥവാ നന്മ-തിന്മകളെക്കുറിച്ചുള്ള അറിവ് സമ്പാദിച്ച് മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നതിനുള്ള താത്പര്യം, ആത്മാർത്ഥതയോടും ദയയോടുംകൂടെ മറ്റുള്ളവർക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ള മനസ്സ് ഇവയെല്ലാം സഭയുടെയും സമൂഹത്തിന്റെയും നന്മക്കായി ഉതകുന്നതിന് ദൈവം നമുക്ക് നൽകിയിരിക്കുന്ന വരങ്ങളായി കരുതേണ്ടതാണ്.

19-20 വാക്യങ്ങളിൽ ശത്രുക്കളോടുള്ള പെരുമാറ്റത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. "നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും തിരിച്ചുകാണിക്ക" (മത്തായി 5:39) എന്നുള്ള കർത്താവിന്റെ ഉപദേശത്തെ ഈ വാക്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

തിന്മയെ നന്മയാൽ ജയിക്കണം എന്ന പ്രമാണം മൂന്നു കാര്യങ്ങളിൻമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. പ്രതികാരം സകല ലോകത്തിന്റെയും ന്യായാധിപതിയായ ദൈവത്തിനുള്ളതാണ്. ശത്രുവിനോട് കാണിക്കുന്ന ദയ അവന്റെ ഹൃദയത്തെ സ്പർശിച്ച് അവനെ രൂപാന്തരപ്പെടുത്തും. അവന്റെ തലമേൽ തീക്കനൽ കുന്നിക്കും എന്നതിന്റെ അർത്ഥം അവന്റെ മനസ്സിൽ കത്തിയെരിയുന്ന വിധ

മുള്ള ലജ്ജ തോന്നിക്കും എന്നത്രേ (സദൃ. 25:21-22). പ്രതികാരം ചെയ്യുന്നതുമൂലം നാം തിന്മക്ക് അടിമപ്പെടുകയാണ്. 'ഒരുവനെ പകെക്കുന്നത് മൂലം ഞാൻ സ്വയം ധാർമ്മികമായി അധഃപതിക്കുന്നതിന് സമ്മതിക്കുകയില്ല' എന്നുള്ള ബുക്കർ റ്റി. വാഷിംഗ്ടണ്ണിന്റെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം. ആധുനിക കാലത്ത് ഈ പ്രമാണം അനുസരിച്ച് പ്രവർത്തിച്ചവരുടെ കൂട്ടത്തിൽ മഹാത്മാ ഗാന്ധിയും, മാർട്ടിൻ ലൂഥർ കിങ്ങും (അമേരിക്ക) ഉൾപ്പെടുന്നു. സൊസൈറ്റി ഓഫ് ഫ്രണ്ട്സ് അഥവാ ക്വയിക്കേഴ്സ് എന്ന പേരിൽ അറിയപ്പെടുന്ന ക്രൈസ്തവ വിഭാഗവും ഈ ഉപദേശം മുറുകെപ്പിടിച്ചിരിക്കുന്നു. ഒരു ശത്രുവിനെ നിഗ്രഹിക്കുന്നതിന് ഏറ്റവും പറ്റിയ മാർഗ്ഗം അവനെ സ്നേഹിതൻ ആക്കുക എന്നതാണ്.

●●●

(പേജ് 6 - ൽ നിന്നും)

ഇരച്ച് മേരിയുടെ മേൽ മൂടത്തക്കവിധം സമീപേയുള്ള വെള്ളച്ചാട്ടത്തിൽ അകപ്പെട്ടു. പ്രാണവായു ലഭിക്കാതെ ശരീരം നിർജ്ജീവാവസ്ഥയിലായ വേളയെ വിവരിക്കുന്നത് പുറംതോടായ തന്റെ ശരീരത്തിൽനിന്നും ആത്മാവ് സ്വതന്ത്രമായി വേർപെട്ടു എന്നാണ്. ദൈവസന്നിധിയിൽനിന്നും അയക്കപ്പെട്ട ഇരുപതോളം മനുഷ്യാത്മാക്കൾ തന്നെ സ്വാഗതം ചെയ്തുവെന്നും നാളിതുവരെ അനുഭവിച്ചതിൽ ഏറിയ സന്തോഷം അനുഭവിച്ച അവസരമായിരുന്നു അതെന്നുമാണ് ഡോക്ടർ മേരി പറയുന്നത്. തന്നെ സ്വീകരിച്ചവരിൽനിന്നും വാക്കുകൾ ഒന്നുംതന്നെ പുറത്തുവന്നില്ലെങ്കിലും ഭൗതിക ശരീരമല്ലാത്ത അവരുടെ ആളത്തത്തിൽ നിന്ന് അവർ പരസ്പരം ചിന്തകളും വികാരങ്ങളും ഒരേ സമയം കൈമാറുന്നതുപോലെ തോന്നി.

ആത്മീയ ശരീരമുള്ള അവരോടൊപ്പം ഡോ. മേരി പരിപൂർണ്ണതയുള്ളതും കളങ്കമില്ലാത്തതുമായ സ്നേഹം വളരെയധികം അനുഭവിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല അപ്രകാരമുള്ള സ്നേഹത്തിൽ അവർ അവളെ ആലിംഗനം ചെയ്തെന്നും അവരോടൊപ്പം അവൾക്ക് നൃത്തം ചെയ്യാൻ കഴിഞ്ഞുവെന്നുമാണ്. കളങ്കരഹിതമായ സ്നേഹവും സന്തോഷവും നിറഞ്ഞുനിന്ന ദൈവത്തിന്റെ ലോകത്തിൽ എത്തിയെന്നു മനസ്സിലായെന്നും അവിടുത്തെ വിശുദ്ധിയുടെ ആഴവും സ്നേഹവും എത്രമാത്രമെന്ന് പറയാൻ തനിക്കു വാക്കുകളില്ലെന്നും എഴുതിയിരിക്കുന്നു. അവരോടൊപ്പം സ്വർഗ്ഗത്തിലേക്കു യാത്രചെയ്യവേ പ്രിയപ്പെട്ടവർ നദീതീരത്ത് തന്റെ ശരീരത്തെ പുനർജ്ജീവിപ്പിക്കാൻ ശ്രമിക്കുന്നതും ദുഃഖാർത്തരായി അവർ തന്റെ ശരീരത്തോട് ശ്വാസംവലിക്കാൻ പറയുന്നതും ദർശിക്കയുണ്ടായി. ഡോക്ടർ മേരി തന്നെ സ്വീകരിച്ചു. മനുഷ്യാത്മാക്കൾ ആനയിക്കുന്നത് പല വർണ്ണങ്ങളാൽ ശോഭയേറിയതും മിന്നിത്തിളങ്ങുന്ന പ്രകാശ-പൂർണ്ണവും വളരെ വലിപ്പമുള്ളതുമായ ഒരു ഹാളിന്റെ വാതിൽക്കലേക്കാണെന്ന് മനസ്സിലാക്കി. ആയിടത്തേക്ക് തന്റെ ആത്മാവിനെ ആകർഷിക്കുന്നതുപോലെ അനുഭവപ്പെട്ടു. പരിശുദ്ധവും പരിപൂർണ്ണവും വ്യവസ്ഥകൂടാത്തതുമായ സ്നേഹം പ്രസ്തുത ഹാളിൽനിന്നും ബഹിർഗ്ഗമിക്കുന്നതുപോലെ തോന്നി. പ്രസ്തുത ഹാളിന്റെ വാതിൽക്കൽ നിന്നപ്പോൾ ഒരു തീരുമാനത്തിന്റെ വക്കിലെന്നപോലെ അനുഭവപ്പെട്ടു. അത് ദൈവത്തെ തിരഞ്ഞെടുക്കണമോ അതോ ദൈവത്തിൽ നിന്ന് അകന്നുമാറണമോ എന്ന തീരുമാനത്തിനുള്ള അവസരമായിരുന്നു. ദൈവത്തോടൊപ്പം ചേർന്നിരിക്കാൻ അതിയായ വാഞ്ഛയുണ്ടായിരുന്നിട്ടും അവളുടെ ഭൂമിയിലെ വാസം പൂർത്തിയാക്കാൻ കഴിയാത്ത കാരണത്താൽ ഹാളിനുള്ളിലേക്കു പ്രവേശിക്കാൻ സമയമായിട്ടില്ലായെന്ന് തന്നോടൊപ്പമുള്ള മനുഷ്യാത്മാക്കൾ പറയുന്നതായി തോന്നി. അതിയായ ദുഃഖം ഉണ്ടാകുകയും ഹാളിൽ പ്രവേശിപ്പിക്കാതിരുന്നതിൽ അവരോട് നീരസപ്പെടുകയും ചെയ്തുവെന്ന് പറയുന്നു. അവിടെനിന്നും അവർ ഡോ. മേരിയെ നദീതീരത്തേക്ക് കൂട്ടിക്കൊണ്ടുപോകുകയും വേർപെട്ട ആത്മാവ് ശരീരവുമായി വീണ്ടും ബന്ധപ്പെട്ട് ബോധാവസ്ഥയിലാകുകയുംചെയ്തുവെന്നാണ് വിവരണം.


●●●


## വാട്ട്സാപ്പ്

**ഡോ.വി. പി. മത്തായി വാലയിൽ നൽകുന്ന വചന സന്ദേശങ്ങൾ വാട്ട്സാപ്പിലൂടെ കൈമാറുന്നു. ആവശ്യപ്പെടുന്ന നമ്പറുകളിലേക്ക് അയച്ചുതരുന്നതാണ്.**

**Contact: 9447707654**

## വെളിപാട്പുസ്തകത്തിലെ മൃഗത്തിന്റെ അടയാളമോ? അദൃശ്യ ബ്രെയ്ൻ സെൻസർ വികസിപ്പിച്ച് ഗവേഷകർ



യു.എസിലെ ജോർജ്ജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഗവേഷകർ മനുഷ്യന്റെ രോമകൂപങ്ങൾക്കിടയിൽ ചർമ്മത്തിനു തൊട്ടുതാഴെയും യോജിക്കാൻ കഴിയുന്നത്ര ചെറുതായ ഒരു അദൃശ്യ ബ്രെയ്ൻ സെൻസർ വികസിപ്പിച്ചെടുത്തു. ബയോ മെഡിക്കൽ സാങ്കേതികവിദ്യയുടെ ഒരു അത്ഭുതമായി വാഴ്ത്തപ്പെടുന്നുണ്ടെങ്കിലും ബൈബിളിലെ വെളിപാട്പുസ്തകം 13-ാം അദ്ധ്യായത്തിലെ മൃഗത്തിന്റെ അടയാളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വേഗത്തിൽ സൃഷ്ടിക്കപ്പെടുന്നതിന്റെ മറ്റൊരു അടയാളമായി ഇതിനെ കാണുന്ന ബൈബിൾ പ്രവചന നിരീക്ഷകരുണ്ടെന്നാണ് റിപ്പോർട്ടുകൾ. വലിയ ഹെൽമെറ്റുകളുടെയോ ആക്രമണാത്മക ഇംപ്ലാന്റുകളുടെയോ ആവശ്യമില്ലാതെ ദൈനംദിന ജീവിതത്തിൽ തുടർച്ചയായതും വിശ്വസനീയവുമായ ന്യൂറൽ സിഗ്നൽ കാപ്ചർ സാദ്ധ്യമാകുന്നതിലൂടെ ബ്രെയ്ൻ കമ്പ്യൂട്ടർ ഇന്റർഫേസുകളുടെ (BCI) ഭാവിയെ പരിവർത്തനം ചെയ്യുമെന്ന് ഈ വിപ്ലവകരമായ ഉപകരണം വാഗ്ദാനം ചെയ്യുന്നു. പ്രൊഫസർ ഹോങ് യോയുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത മൈക്രോ നീഡിൽ അധിഷ്ഠിത സെൻസർ ഒരു മില്ലിമീറ്ററിൽ താഴെ വലിപ്പമുള്ള ഒരു പാക്കേജിലേക്ക് നൂതന ചാലക പോളിമർ മെറ്റീരിയലുകളും ഫ്ളെക്സിബിൾ വയറിംങും സംയോജിപ്പിക്കുന്നു. ചാലക മൈൽ അല്ലെങ്കിൽ സർജിക്കൽ ബ്രെയ്ൻ- ഇംപ്ലാന്റുകൾ ഉള്ള തലയോട്ടി ഇലക്ട്രോഡുകളെ ആശ്രയിക്കുന്ന പരമ്പരാഗത BCIകളിൽ നിന്ന് വ്യത്യസ്തമായി ജോർജ്ജിയ ടെക്ഡിസൈൻ വേദനയില്ലാത്തതും, വയർലെസ്സും, വിവേകപൂർണ്ണവുമായ ഒരു ബദൽ വാഗ്ദാനം ചെയ്യുന്നു. ഫോളിക്കിളുകൾക്കിടയിൽ ഘടിപ്പിക്കാനും ചർമ്മത്തിൽ ചെറുതായി തുളച്ചുകയറാനും സെൻസർ ചെറുതാക്കുന്നതിലൂടെ സിഗ്നൽ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്താനും ആംബിയന്റ് നോയ്സ് കുറക്കാനും കഴിയുമെന്ന് ഞങ്ങൾ കണ്ടെത്തി.ജോർജ്ജിയ ടെക്കിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ ആൻഡ് ടെക്നോളജിയിൽ ഫാക്കൽറ്റി അംഗമായി സേവനമനുഷ്ഠിക്കുന്ന യോ വിശദീകരിച്ചു. അടുത്തിടെ നടന്ന പരീക്ഷണങ്ങളിൽ ആറ് പങ്കാളികൾ ഒരു ഓഗ്മെന്റഡ് റിയാലിറ്റി (AR) ഇന്റർഫേസ് പ്രവർത്തിക്കുന്നതിനായി ദിവസം മുഴുവനും സെൻസർ ധരിച്ചിരുന്നു. ഉപകരണം 12 മണിക്കൂർ വരെ വിഷ്വൽ ഫോക്കസും തലച്ചോറിന്റെ പ്രവർത്തനവും കൃത്യമായി കണ്ടെത്തി. ഇത് എതുസമയത്തും ചലിക്കുമ്പോഴും ഹാൻഡ്സ്ഫ്രീ വീഡിയോ കോളുകൾ ആരംഭിക്കാനും ഡിജിറ്റൽ ഉള്ളടക്കവുമായി സംവദിക്കാനും പ്രാപ്തമാക്കി. പഠനം 96.4 ശതമാനം എന്ന ന്യൂറൽ സിഗ്നൽ വർഗ്ഗീകരണ കൃത്യത കൈവരിച്ചു. ഈ ഉപകരണം മൃഗത്തിന്റെ അടയാളമല്ലെങ്കിൽപ്പോലും അത്തരം സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള സാങ്കേതിക വിദ്യ ഇതിനകം തന്നെ ഇവിടെയുണ്ട് എന്നതാണ് യാഥാർത്ഥ്യമെന്ന് ബൈബിൾ നിരീക്ഷകർ പറഞ്ഞു. ബൈബിളിലെ പ്രവചന മുന്നറിയിപ്പുകൾ ഇനി വിദൂരമായ ഊഹാപോഹങ്ങളല്ല മറിച്ച് വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സാദ്ധ്യതകളാണെന്ന് ഓർമ്മിപ്പിക്കുന്നു.

Source: www.disciplesnews.com

## സീറോ കാർബൺ വികിരണം! കാലാവസ്ഥാ വ്യതിയാനം കുറെക്കും; വഴികാട്ടുമോ ശ്വേത ഹൈഡ്രജൻ



2050-ൽ കാർബൺ ബഹിർഗമനനിരക്ക് പൂജ്യമാക്കുക (നെറ്റ് സീറോ കാർബൺ എമിഷൻ) എന്ന ലക്ഷ്യത്തിലേക്കു ശ്വേത ഹൈഡ്രജൻ വഴിതുറക്കുമോയെന്ന ചർച്ചകൾ ഊർജ്ജമേഖലയിൽ സജീവമാകുകയാണ്. ശ്വേത ഹൈഡ്രജനെ മെരുക്കുകവഴി 1.7 ലക്ഷം വർഷംവരെ ഭൂമിയിലെ വ്യവസായങ്ങളും മറ്റു കാര്യങ്ങളും പ്രവർത്തിപ്പിക്കാനുള്ള ശുദ്ധോർജ്ജം സാധ്യമാകുമെന്നാണു ഗവേഷകരുടെ അവകാശവാദം. ഭൂമിയുടെ പുറംകാമ്പിൽ (ക്രസ്റ്റ്) ഉത്പാദിപ്പിക്കപ്പെടുന്നതാണു ശ്വേത ഹൈഡ്രജൻ. പല വകഭേദങ്ങളിൽ ഹൈഡ്രജൻ ഊർജ്ജാവശ്യത്തിനായി ലഭ്യമായതിൽ ഏറ്റവും ശുദ്ധമായതാണ് ശ്വേത ഹൈഡ്രജൻ. ഇതു കത്തുമ്പോൾ ജലം മാത്രമാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. വാഹനങ്ങൾക്കുള്ള ഫ്യൂവൽ സെൽ, വ്യാവസായിക ആവശ്യങ്ങൾ തുടങ്ങി പ്രധാന മേഖലകളിൽ ശ്വേത ഹൈഡ്രജൻ ഉപയോഗിക്കാം. വലിയ അളവിലുള്ള ശ്വേത ഹൈഡ്രജൻ വ്യാവസായികശാലകളിലേ ഉത്പാദിപ്പിക്കാൻ കഴിയുള്ളു എന്നാണ് ശാസ്ത്രജ്ഞർ കരുതിയിരുന്നത്. ഹൈഡ്രജന്റെ മറ്റു വകഭേദങ്ങളായ ഗ്രീൻ ഹൈഡ്രജൻ, ഗ്രേ ഹൈഡ്രജൻ എന്നിവ വ്യാവസായികശാലകളിൽ ഇലക്ട്രോളിസിസ് വഴിയാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. പരിസ്ഥിതിപരമായും ഏറെ പ്രാധാന്യമുള്ളതാണ് ഇത്. കാലാവസ്ഥാവ്യതിയാനം കുറച്ചുകൊണ്ടുവരാൻ ശ്വേത ഹൈഡ്രജൻ ഉപയോഗം വഴിയൊരുക്കും. റഷ്യ, ഒമാൻ, ഫ്രാൻസ്, മാലി തുടങ്ങിയയിടങ്ങളിലും ശ്വേത ഹൈഡ്രജൻ കണ്ടെത്തിയിട്ടുണ്ട്. വിദൂര സ്ഥലങ്ങളിലാണ് ഇവ സ്ഥിതിചെയ്യുന്നതെന്നതിനാൽ ഖനനത്തിൽ ബുദ്ധിമുട്ടുണ്ട്. തന്നെയുമല്ല, ശ്വേത ഹൈഡ്രജൻ കൃത്യമായി ഖനനംചെയ്യാനും അത് ലാഭകരമായ അടിസ്ഥാനത്തിൽ ഉപയോഗത്തിനെത്തിക്കാനും ഇനിയും ധാരാളം കാലമെടുക്കും.

Source: www.manormaonline.com

**മിഷൻ ഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം**

## ശുശ്രൂഷയുടെ മദ്ധ്യേ വ്യാപരിക്കുന്ന ദൈവകൃപ



ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മിഷനറിയായി കഴിഞ്ഞ അഞ്ചു വർഷമായി ഞാൻ ബിലാസ്പൂരിൽ സുവിശേഷവേലചെയ്യുന്നു. കർത്താവ് വളരെ അത്ഭുതകരമായാണ് ഓരോ ദിവസവും വഴിനടത്തുന്നത്. സുവിശേഷവേലയുടെ മുഖത്ത് ഇന്നാളുകളിൽ ക്രൈസ്തവർ വളരെ വെല്ലുവിളികളാണ് നേരിടുന്നത്. ഞായറാഴ്ചകളിൽ ഓൺലൈൻ പ്രേയർ മീറ്റിംഗ് നടത്തുന്നു. മറ്റു ദിവസങ്ങളിലും ഒത്തുചേരാൻ സാധിക്കുന്നവർ ഓരോരോ ഭവനങ്ങളിൽ കൂടിയിരുന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. എതിർപ്പുകളുടെ ഇടയിലും ഈ പ്രാർഥനാകൂട്ടങ്ങൾ ശക്തി പകരുന്നവയാണ്. ദൈവത്തിന്റെ കൃപയാൽ ഇതുവരെയും നമ്മുടെ ഫീൽഡിൽ പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല. വളരെ കരുതലോടെയാണ് ആരാധനാലയം പ്രവർത്തിക്കുന്നത്. ബിലാസ്പൂരിൽ പല ചർച്ചുകളും അടച്ചിട്ടിരിക്കുകയാണ്. ഓൺലൈൻ പ്രാർത്ഥനകൾ നടന്നുവരുന്നു. ദൈവമക്കളുടെ ശക്തമായ പ്രാർത്ഥനചോദിക്കുന്നു. ദൈവം ഭാരത ഗ്രാമങ്ങളിൽ അത്ഭുതങ്ങളെ ചെയ്യട്ടെ.

**രാമേശ്വർ സാഹു, ഛത്തീസ്ഗഡ്**



**'നിർമ്മലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല.'**

– ഗാന്ധിജി –

**ഗോസ്പൽ മെസഞ്ചർ മാസിക വാട്ട്സാപ്പിലൂടെ ലഭിക്കുന്നതാണ്.**
**Gospel Messenger എന്ന് എഴുതി പേരും സ്ഥലവും ഉൾപ്പെടുത്തി**
**8281616654 എന്ന നമ്പറിലേക്ക് Whatsapp സന്ദേശമയക്കുക.**



## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഫോട്ടോയും താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :.............................................................. ഒപ്പ്:....................



# ആവശ്യമുണ്ട്: പ്രസംഗകരോടു പ്രസംഗിക്കുന്ന ഒരു പ്രവാചകനെ

ലീനാർഡ് റാവൻഹിൽ

**ഈ** തലമുറയിലെ പാപികൾക്കുത്തരവാദികൾ ഈ തലമുറയിലെ പ്രസംഗകർ തന്നെയാകുന്നു. നമ്മുടെ സഭാവാതിലുകൾക്കരികെതന്നെയാണ് ജനസഹസ്രങ്ങൾ കിടക്കുന്നത്. സന്ദേശം അവർക്കെത്തിച്ചുകൊടുക്കായ്കയാൽ നേടിയെടുക്കപ്പെടാത്തവരായി കഴിയുന്നു. സന്ദേശം എത്തിക്കാത്തതോ അവരെ സ്നേഹിക്കായ്കയാൽ തന്നേ. വിദേശ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ചെയ്ത എല്ലാറ്റിനായും ദൈവത്തിനു സ്തോത്രം. എന്നിരുന്നാലും നമ്മുടെ തെരുവിനെതിരെയുള്ള അയൽക്കാരന്റെ നാശത്തെക്കാൾ കൂടുതൽ പ്രത്യക്ഷമായ ഉൽക്കണ്ഠ ലോകമെങ്ങുമുള്ളവരോടുണ്ടാകുന്നു എന്നത് ഒരു വിചിത്ര സത്യം ആണ്. സുവിശേഷീകരണ യത്നങ്ങൾ, നമുക്കു വൻതോതിൽ ഉണ്ടായിട്ടും, ആത്മാക്കളെ നേടുന്നതോ കേവലം, ശതക്കണക്കിനു മാത്രമാണ്. ഒരു അണുബോംബ് വീണാൽ, അതിനാൽ ആയിരമായിരങ്ങളാണ് നരകത്തിലേക്ക് നിപതിക്കുന്നത്.

ഇന്നത്തെ പാപത്തിന് സമാന്തരമായി മറ്റൊന്നും ഇല്ല എന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. യേശു അരുളിച്ചെയ്തു. "നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ നാളിലും ആകും." ഉല്പത്തി ആറാം അദ്ധ്യായം അഞ്ചാം വാക്യത്തിൽ നോഹയുടെ കാലത്തെപ്പറ്റിയുള്ള വിശദമായ ഒരു ചിത്രമാണ് നാം കാണുന്നത്. 'ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു.' എല്ലാ നിരൂപണവും ദോഷം നിറഞ്ഞതുതന്നേ. ഒന്നെങ്കിലും മറ്റൊരുതരത്തിലല്ല. കലർപ്പൊന്നുമേശാത്ത ദോഷം തന്നേ. ദോഷം മാത്രം. ഇടതടവില്ലാതെ ദോഷമായത്. അനുസ്യൂതമായും ദോഷമുള്ളതുതന്നേ. അങ്ങനെ ആയിരുന്നു അന്ന്. അന്ന് എങ്ങനെയായിരുന്നുവോ അതുപോലെ തന്നേ ഇന്നും ആകുന്നു! പാപം ഇന്ന് റേഡിയോയിലൂടെ ചെവികളിലും, ടെലിവിഷൻ മുഖാന്തരം കണ്ണുകളിലും, പ്രചുരപ്രചാരത്തിലിരിക്കുന്ന മാസികകളുടെ പുറംചട്ടകളിലൂടെ നിറപ്പകിട്ടോടുകൂടി പ്രലോഭനാത്മകവും ജനസമ്മതി നേടിയതും ആയിട്ടുണ്ട്. പ്രസംഗം കേട്ട് മടുത്ത്, ഉപദേശം കേട്ടു സഹികെട്ട്, പള്ളിപ്പോക്കുകാർ അവിടേക്കു പ്രവേശിച്ചതുപോലെതന്നെ മടങ്ങിപ്പോകുന്നു-ദർശനമറ്റവരായി, അന്തർദാഹമറ്റവരായി! അയ്യോ ദൈവമേ, നശിച്ചുകൊണ്ടിരിക്കുന്ന ഈ തലമുറക്ക്, പതിനായിരം യോഹന്നാൻ സ്നാപകന്മാരെ തരേണമേ-ഞങ്ങളുടെ ദേശീയവും അന്തർദേശീയവുമായ പാപങ്ങളുടെമേൽ രാഷ്ട്രതന്ത്രജ്ഞന്മാരും ധർമ്മോപദേഷ്ടാക്കളും പൊതിഞ്ഞുകെട്ടിയിരിക്കുന്ന തുണിക്കഷ്ണങ്ങളെ പിച്ചിച്ചീന്തിക്കളയേണ്ടതിന് തന്നേ!

കത്തുന്ന മുൾപ്പടർപ്പിന്റെ ദർശനത്തെ മോശെക്ക് തെറ്റിദ്ധരിക്കാൻ കഴിയാതിരുന്നതുപോലെ കത്തിജ്വലിക്കുന്ന ഒരു മനുഷ്യനെ തെറ്റിദ്ധരിക്കാൻ ഒരു രാഷ്ട്രത്തിനും കഴിയുകയില്ല! ദൈവം അഗ്നിയെ അഗ്നികൊണ്ട് സന്ധിക്കുന്നു. പ്രസംഗപീഠത്തിൽ എത്രകണ്ട് തീ കൂട്ടുന്നുവോ അത്രമാത്രം ജ്വലനം അഗ്നിനരകത്തിൽ കുറയും. യോഹന്നാൻ സ്നാപകൻ ഒരു പുതിയ ദൂതോടുകൂടിയ ഒരു പുതിയ മനുഷ്യൻ ആയിരുന്നു. കൊലപാതകക്കുറ്റം ആരോപിക്കപ്പെട്ടിരിക്കുന്ന ഒരു മനുഷ്യൻ, 'അപരാധി' എന്നുള്ള ന്യായാധിപന്റെ ഭയങ്കര വിധിതീർപ്പിങ്കൽ വിളറി വിവശനാകുമ്പോലെയാണ്. 'മാനസാന്തരപ്പെടുവിൻ' എന്നുള്ള യോഹന്നാന്റെ ശബ്ദം ആ ജനതതി കേട്ടത്. അത് അവരുടെ മാനസ ഇടനാഴിയിലേക്ക് ഇറങ്ങിച്ചെന്ന്, സ്മരണകളെ ഉണർത്തി, മനസ്സാക്ഷിയെ മുട്ടുകുത്തിച്ച് അവരെ മാനസാന്തരത്തിലേക്കും സ്നാനത്തിലേക്കും ആനയിക്കത്തക്കവണ്ണം അവരെ ഭയചകിതരാക്കിത്തീർക്കുന്നതായിരുന്നു. പെന്തെക്കൊസ്തിനു ശേഷം ആത്മനിറവിന്റെ പുതുമയിൽനിന്നുള്ള പത്രൊസിന്റെ കടന്നാക്രമണം ജനക്കൂട്ടത്തെ ഒന്നെന്നപോലെ ഏകസ്വരത്തിൽ "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തുചെയ്യേണം?" എന്നു വിളിച്ചു ചോദിക്കത്തക്കവണ്ണം പിടിച്ചു കുലുക്കിക്കളഞ്ഞു! പാപത്താൽ പീഡിപ്പിക്കപ്പെട്ടിരുന്ന ഇവരോട് ആരെങ്കിലും," നിങ്ങൾ ഒരു

തീരുമാനക്കാർഡ് ഒപ്പിട്ട് തരിക! പള്ളിയിൽ കൃത്യമായി സംബന്ധിക്കുക! നിങ്ങളുടെ ദശാംശം കൊടുക്കുക!" എന്നു പറഞ്ഞാൽ എന്താണ് അതിനു മറുപടി പറയാനുള്ളത്? അല്ല, അതല്ല വേണ്ടത് എന്ന് ഒരായിരം പ്രാവശ്യം പറയേണ്ടിവരും.

പരിശുദ്ധാത്മാഭിഷേകത്തിന്റെ ശക്തിയിൽ യോഹന്നാൻ വിളിച്ചുപറഞ്ഞു. "മാനസാന്തരപ്പെടുവിൻ" എന്ന്! അവർ മാനസാന്തരപ്പെട്ടു! പശ്ചാത്താപരീതിയിലുള്ള അല്പം ചൂടുകണ്ണീരല്ല മാനസാന്തരം. അത് കേവലം വികാരമോ അല്ലെങ്കിൽ പശ്ചാത്താപമോ അല്ലെങ്കിൽ നവീകരണമോ അല്ല. ദൈവത്തെക്കുറിച്ചും, നരകത്തെക്കുറിച്ചും മനസ്സിനുണ്ടാകുന്ന അന്തരം(മാറ്റം) അത്രേ മാനസാന്തരം!

പ്രകൃതിയുടെ രണ്ടു വലിയ ശക്തികളാണ് അഗ്നിയും കാറ്റും. അങ്ങനെ കാറ്റും തീയും പോലെ, ആ 'മാളികമുറിയിലെ' അനുഗ്രഹീതകൂട്ടം അപ്രതിരോധ്യവും പിടിച്ചുനിർത്താൻ കഴിയാത്തതും, എന്തു ഭവിക്കും എന്നു പറവാൻ കഴിയാത്തതും ആയിത്തീർന്നു. അപ്പോൾ അവരുടെ തീ മിഷൻ പ്രവർത്തന തീക്ക് ആരംഭമിട്ടു. അക്രമത്തിന്റെ തീയെ കെടുത്തിക്കളഞ്ഞു. രക്തസാക്ഷിത്തീയ് കൊളുത്തുകയും ഉണർവ്വിൻ തീയ് ആരംഭിക്കുകയും ചെയ്തു.

ഇരുനൂറ് വർഷങ്ങൾക്കു മുമ്പ് ചാൾസ് വെസ്ലി ഇങ്ങനെ പാടി:

"ഇപ്പോൾ എന്നിൽ ആ വിശുദ്ധ അഗ്നി ജ്വലിക്കുവാൻ തുടങ്ങട്ടെ, ഹീന ആഗ്രഹങ്ങളുടെ കറയത്രയും ദഹിപ്പിക്കപ്പെടുകയും പർവ്വതങ്ങളെ പറത്തുകയും ചെയ്യട്ടെ."

ഡോക്ടർ ഹാച്ച് ഇങ്ങനെ വിളിച്ചുപറഞ്ഞു.

"ദൈവത്തിന്റെ ശ്വാസമെ, എന്റെ ഈ ഭൗമികമായ ഭാഗം നിന്റെ ദിവ്യതീയാൽ ജ്വലിച്ചു ഞാൻ മുഴുവനും നിന്റേതായി തീരുംവരെയും, എന്നിൽ ഊതുക."

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തീയ് നശിപ്പിക്കുകയും ശുദ്ധീകരിക്കുകയും ഊഷ്മളമേകുകയും ആകർഷിക്കുകയും ശക്തീകരിക്കയും ചെയ്യുന്നു.

ചില ക്രിസ്ത്യാനികൾക്ക് അവർ എപ്പോഴാണ് രക്ഷിക്കപ്പെട്ടതെന്ന് പറയുവാൻ കഴിയുകയില്ല. എന്നാൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നവർക്ക് അതെല്ലാം എപ്പോഴൊക്കെ സംഭവിച്ചു എന്നു പറയാൻ കഴിയും. അങ്ങനെയല്ലാത്ത ഒരാളെ ഞാനിതുവരെ അറിഞ്ഞിട്ടില്ല. ആ നിലയിൽ ആത്മനിറവുള്ളവർ, വെസ്ലിയെപ്പോലെ ആത്മാവിനാൽ ജനിച്ചവർ, ആത്മാവിൽ നിറയപ്പെട്ടവർ ആത്മാവിൽ ജീവിക്കുകയും നടക്കുകയും ചെയ്തവർ ദൈവത്തിനുവേണ്ടി രാഷ്ട്രങ്ങളെ പിടിച്ചുകുലുക്കുന്നവരായിരിക്കും.

ഇന്ധനം - തീയ് - ലഭിച്ചല്ലാതെ ഒരു മോട്ടോർ വാഹനവും മുന്നോട്ടു നീങ്ങുകയില്ല, അതുപോലെ തന്നേ ചില ആളുകളും. തങ്ങൾക്ക് എല്ലാമുണ്ടായിട്ടും കത്തിജ്വലിക്കായ്കയാൽ അവർ അനങ്ങിയിട്ടില്ല, മുന്നോട്ടു നീങ്ങുന്നുമില്ല.

പ്രിയ സഹോദരന്മാരേ, പ്രസംഗകർക്കായി ഒരു പ്രത്യേക ന്യായവിധി ഉണ്ടായിരിക്കേണ്ടതാണ്. അവർക്കു "അധികം ശിക്ഷാവിധി" വരും (യാക്കോബ് 3:1). ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ കുറ്റക്കാരായി അവർ നിലകൊള്ളുമ്പോൾ മനുഷ്യർ അവരിൽ ചിലരുടെ നേരെ തിരിഞ്ഞിട്ട് "പ്രസംഗകനേ, പരിശുദ്ധാത്മാവിൽ നീ കത്തിജ്വലിച്ചിരുന്നെങ്കിൽ ഞാൻ ഇപ്പോൾ ഈ നരകത്തീയിലേക്കു പോകേണ്ടിവരുമായിരുന്നില്ല." എന്ന് പറയാൻ സാദ്ധ്യതയുണ്ടായിരിക്കാമോ? വിശ്വാസിക്കും മാനസാന്തരം ആവശ്യമുണ്ടെന്ന് വെസ്ലിയെപ്പോലെ ഞാനും വിശ്വസിക്കുന്നു. പിതാവിന്റെ വാഗ്ദത്തം നിങ്ങൾക്കുംകൂടിയുള്ളതത്രേ. ഇപ്പോൾത്തന്നെ ആ ഏകാന്തമായ പ്രവർത്തനസ്ഥലത്തോ, അല്ലെങ്കിൽ നിങ്ങളുടെ സുഖപ്രദമായ ഭവനത്തിലെ കസേരക്കരികെയോ, അല്ലെങ്കിൽ മിക്കവാറും സലാം പറയുവാൻ സന്നദ്ധമായ പാസ്റ്ററുടെ തകർന്ന പഠനമുറിയിലൊ നിങ്ങളുടെ മുഴങ്കാലുകളിന്മേൽ ഇരുന്നുകൊണ്ട് ഇങ്ങനെ പ്രാർത്ഥിപ്പിൻ:

"എന്റെ ബലഹീനമായ ഹൃദയത്തെ കരുത്തുറ്റതും ധൈര്യമുറ്റതും ആക്കിത്തീർക്കുവാൻ, എന്നെ ജ്വലിപ്പിക്കേണമേ.

ചത്തുകൊണ്ടിരിക്കുന്ന ഒരു ലോകത്തെ രക്ഷിക്കേണ്ടതിന്നായ് ജീവിക്കുവാൻ എന്നെ കത്തിജ്വലിപ്പിക്കേണമേ.

എന്റെ ജീവനും, സർവ്വസ്വവും ആയി ഇന്നേ ദിവസം, അവിടുത്തെ യാഗപീഠത്തിൽ കിടക്കുന്ന എന്നെ കാണേണമേ, ഇപ്പോൾ ഈ സമർപ്പണത്തിന് മകുടംചാർത്തേണ്ടതിന് ഞാൻ പ്രാർത്ഥിക്കയാണ്:

'എന്നെ ജ്വലിപ്പിക്കേണമേയെന്ന്.'

പ്രാസംഗികന്മാർ തണുപ്പന്മാരാകയാൽ ഒരു തണുപ്പൻ ലോകത്തിൽ ഒരു തണുപ്പൻ സഭയാണ് ഞങ്ങൾക്കുള്ളത്. അതുകൊണ്ട് കർത്താവേ ഞങ്ങളെ ജ്വലിപ്പിക്കേണമേ. ●●●

# ആരോഗ്യവിചാരം

Source: www.etvbharat.com

## മഴക്കാലമാണ്, ഈ രോഗങ്ങളെ സൂക്ഷിക്കണം! ആരോഗ്യവകുപ്പിന്റെ മുന്നിറിയിപ്പുകളെ അവഗണിക്കാതിരിക്കാം. – മൺസൂൺ ഹെൽത്ത് അലർട്ട്




**സം**സ്ഥാനത്ത് കാലവർഷം കനത്തതോടെ മഴക്കാല രോഗങ്ങൾക്കെതിരെ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി. ജലജന്യ, കൊതുകുജന്യ, ജന്തുജന്യ രോഗങ്ങൾ ഈ സമയത്ത് കൂടാൻ സാധ്യതയുണ്ടെന്നും അതിനാൽ എല്ലാവരും വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കണമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

**പ്രതിരോധ മാർഗ്ഗങ്ങൾ**

തുറസായ സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്നത് പൂർണ്ണമായും ഒഴിവാക്കുക, കുടിക്കാൻ ക്ലോറിനേഷൻ ചെയ്തതും തിളപ്പിച്ചാറ്റിയതുമായ വെള്ളം മാത്രം ഉപയോഗിക്കുക, ഭക്ഷണത്തിന് മുമ്പും ശേഷവും ശൗചാലയം ഉപയോഗിച്ചതിനുശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകുക, ഭക്ഷണ സാധനങ്ങൾ എപ്പോഴും അടച്ചുവച്ച് സൂക്ഷിക്കുക. ചൂടോടെ കഴിക്കാൻ ശ്രദ്ധിക്കുക, തുറന്നുവച്ച ഭക്ഷണസാധനങ്ങൾ ഒരു കാരണവശാലും കഴിക്കരുത്, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് രോഗാണുക്കൾ പെരുകുന്നത് തടയും, കിണറിന് ചുറ്റുമതിൽ കെട്ടി വലയിട്ട് മൂടുന്നത് ജലമലിനീകരണം തടയാൻ സഹായിക്കും.

**കൊതുകുജന്യ രോഗങ്ങൾ** : മലമ്പനി, മന്ത്, ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നിവയാണ് മഴക്കാലത്ത് സാധാരണയായി കണ്ടുവരുന്ന കൊതുകുജന്യ രോഗങ്ങൾ.

**പ്രതിരോധ മാർഗ്ഗങ്ങൾ**

കൊതുകിന്റെ പ്രജനന സ്ഥലങ്ങൾ നശിപ്പിക്കുക. പാത്രങ്ങൾ, കുപ്പികൾ, ചിരട്ടകൾ, ടയറുകൾ, വീപ്പകൾ, വാട്ടർ ടാങ്കുകൾ, മൺചട്ടികൾ ആട്ടുകല്ലുകൾ, പൂച്ചട്ടികൾ വാട്ടർ കൂളറുകൾ വാഴപ്പോള, സിമന്റ് ടാങ്കുകൾ, റബ്ബർപാൽ ശേഖരിക്കുന്ന ചിരട്ടകൾ, പ്ലാസ്റ്റിക് സാധനങ്ങൾ, കവറുകൾ എന്നിങ്ങനെ വെള്ളം കെട്ടിനിൽക്കാൻ സാധ്യതുള്ള എല്ലാ സ്ഥലങ്ങളിലും കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കണം. ചപ്പുചവറുകളും പ്ലാസ്റ്റിക്കുകളും ഓടകളിൽ വലിച്ചെറിഞ്ഞ് മലിനജലം കെട്ടിനിൽക്കുന്ന സാഹചര്യം ഒഴിവാക്കണം, കുളങ്ങളിലും തോടുകളിലും കാണുന്ന ജലസസ്യങ്ങൾ യഥാസമയം നീക്കംചെയ്യുക, കക്കൂസിന് വെന്റിലേറ്റീവ് കുഴലുകൾ ഘടിപ്പിക്കുകയും സാനിറ്ററി കക്കൂസുകൾ ഉപയോഗിക്കുകയും വേണം, വെള്ളക്കെട്ടുകളിൽ കൂത്താടികളെ തിന്ന് നശിപ്പിക്കുന്ന ഗംബൂസിയ, ഗപ്പി, മാനത്ത് കണ്ണി തുടങ്ങിയ മത്സ്യങ്ങളെ വളർത്തുന്നത് കൊതുക് നിവാരണത്തിന് സഹായകമാകും, ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കുകയും കൊതുക് നിവാരണ പ്രവർത്തനവുമായി സഹകരിക്കുകയും വേണം.

**ജന്തുജന്യ രോഗങ്ങൾ (എലിപ്പനി)** : എലിപ്പനിയാണ് മഴക്കാലത്ത് പ്രധാനമായും കണ്ടുവരുന്ന ജന്തുജന്യ രോഗം. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ രോഗാണുവാഹകരായ എലിയുടെ മൂത്രം കലരുന്നത് വഴി വെള്ളം മലിനമാകുന്നു. ഈ വെള്ളവുമായി സമ്പർക്കം പുലർത്തുന്നവരിൽ മുറിവിലൂടെയോ നേർത്ത ചർമ്മത്തിലൂടെയോ രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ച് രോഗം പിടിപെടാൻ സാധ്യതയുണ്ട്.

**രോഗലക്ഷണങ്ങൾ** : കടുത്ത പനി, തലവേദന, ശരീരവേദന, കണ്ണിൽ ചുവപ്പ് എന്നിവയാണ് എലിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ എത്തി ചികിത്സ തേടണം. സ്വയംചികിത്സ ഒരു കാരണവശാലും പാടില്ല.

**പ്രതിരോധ മാർഗ്ഗങ്ങൾ**

എലി നശീകരണം ഊർജ്ജിതപ്പെടുത്തുക, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ചപ്പുചവറുകൾ അടിയന്തരമായി നശിപ്പിക്കുക, പച്ചക്കറികളും പഴവർഗങ്ങളും കഴുകി മാത്രം ഉപയോഗിക്കുക, മലിനജലത്തിൽ മുഖം കഴുകുകയോ കുളിക്കുകയോ ചെയ്യരുത്, കൃഷിയിടത്തിലും വെള്ളത്തിലും പണിയെടുക്കുന്നവർ ഗംബൂട്സ്, ഗ്ലൗസ് തുടങ്ങിയ മുൻകരുതലുകൾ സ്വീകരിക്കുക.

●●●

# ബൈബിൾ ക്വിസ് 2025 ഭാഗം : 7



(2 ശമൂവേൽ, വെളിപ്പാട്, GM ജൂൺ 2025)

1. ആരുടെ വഴിയാണ് തികവുള്ളത് ?
2. ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം നിമിത്തവും അറുക്കപ്പെട്ടവർക്ക് ലഭിച്ച നിലയങ്കിയുടെ നിറം?
3. ആരുടെ ഭുജങ്ങളാണ് താമ്രചാപം കുലെക്കുന്നത് ?
4. ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നതെപ്പോൾ?
5. ആരാണ് എന്നോട് അനുസരണഭാവം കാണിക്കുക?
6. അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങീട്ട് കായി ഉതിർക്കുമ്പോലെ ഭൂമിയിൽ വീണത് എന്ത് ?
7. ഒരു പ്രസംഗകനെ ഉളവാക്കുവാൻ ദൈവത്തിന് എത്ര വർഷം വേണം?
8. യിസ്രായേലിന്റെ മധുരഗായകൻ ആര് ?
9. നാലു ദൂതന്മാർ എന്ത് പിടിച്ചുകൊണ്ടാണ് ഭൂമിയുടെ നാലു കോണിലും നിന്നത് ?
10. അവയെ അവ കിടക്കുന്നേടത്തു തന്നേ തീവെച്ച് ചുട്ടുകളയേണം എവയെ?

ശരിയുത്തരങ്ങൾ തപാൽ / ഇ–മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20 –ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.

## ബൈബിൾ ക്വിസ് 2025 - ഭാഗം 6 ശരിയുത്തരങ്ങൾ

1. ഗൊല്യാത്തിനെ (2 ശമൂവേൽ 21:19)
2. ഒരു വില്ല് (വെളിപ്പാട് 6:2)
3. ഇരുപത്തിനാല് (2 ശമൂവേൽ 21:20)
4. സമാധാനം (വെളിപ്പാട് 6:4)
5. ദുഷ്ടതയുടെ (2 ശമൂവേൽ 22:5)
6. കറുപ്പ് (വെളിപ്പാട് 6:5)
7. യഹോവ (2 ശമൂവേൽ 22:12)
8. മരണം (വെളിപ്പാട് 6:8)
9. ലോകത്തോട് അനുരൂപമാകുന്ന (GM May 2025, Page 25)
10. യഹോവ (2 ശമൂവേൽ 22:19)

## ഭാഗം-5 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഈശോ കുരുവിള, അന്നമ്മ ഐസക്ക്, ഗ്രേസി ചാക്കോ, ജിൻസി എഡ്‌ബി, ലില്ലി ചാക്കോ, സുജ നെൽസൻ, റാഹേലമ്മ ജോർജ്ജ്, തങ്കമ്മ ഔസേഫ്, തങ്കച്ചി വർഗ്ഗീസ്

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

**STATE COORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 AM 6.00 PM

**Address** : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556
**Phone** : 0484 2593838, (+91) 8281616654 (Whatsapp)
**Email** : egmofindia@gmail.com
**Website** : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
Email : vpmathaivalayil@gmail.com

# ഈ പുസ്തകം വാങ്ങുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

8281616654
9400306654




# സഫൽ ക്ലബുകൾ

സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ ക്രിസ്തീയ മൂല്യങ്ങൾ വളർത്തുന്നതിനും, അവരുടെ മാനസിക–വൈകാരിക വ്യക്തിത്വ വികാസത്തിനു ഊന്നൽനൽകുന്നതുമായ ഒത്തുചേരലുകളാണ് സഫൽ ക്ലബ്. ബൈബിൾ അധിഷ്ടിത ജീവിത പാഠങ്ങൾ, ഗാനങ്ങൾ, രസകരമായ ഗെയിമുകൾ, ചിന്തോദ്ദീപകങ്ങളായ ചർച്ചകൾ, പ്രാർത്ഥന എന്നീ ക്രിയാത്മകമായ പ്രവർത്തനങ്ങളെല്ലാം ഒത്തുചേരുന്ന സന്ദർഭങ്ങളാണ് കുട്ടികൾക്കായി ഒരുക്കപ്പെടുന്നത്.

**എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ച**
**അല്ലപ്ര മിഷൻ സെന്ററിൽ വച്ച് സഫൽ ക്ലബുകൾ നടത്തപ്പെടുന്നു.**

എല്ലാ രണ്ടാം ശനിയാഴ്ചയും ക്രമീകരിക്കപ്പെടുന്ന ഈ പ്രോഗ്രാമിൽ പങ്കെടുക്കുവാനും അതിൽനിന്ന് പ്രയോജനം നേടുവാനും എല്ലാ വിദ്യാർത്ഥികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. എറണാകുളം ജില്ലയിലും, മറ്റു ജില്ലകളിലും വിവിധ പ്രദേശങ്ങളിലായി സഫൽ ക്ലബുകൾ രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. താങ്കളുടെ പ്രദേശത്ത് ഇപ്രകാരം ഒരു ക്ലബ് ആരംഭിക്കുവാൻ താത്പര്യം ആണെങ്കിൽ ദയവായി ഞങ്ങളെ ബന്ധപ്പെടുക. സന്തോഷത്തോടെയും, ലക്ഷ്യബോധത്തോടെയും ജീവിതപാതയിൽ മുന്നോട്ടുപോകുവാൻ വിദ്യാർത്ഥികൾക്കായി ഒരുക്കപ്പെടുന്ന ഈ അവസരം പ്രയോജനപ്പെടുത്തണമേ എന്ന് ദൈവസ്നേഹത്തിൽ അപേക്ഷിക്കുന്നു. Ph: 8281616654, 9400306654

# ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia



## സൺഡേ ഡിവോഷൻ

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത് നിന്നുള്ള ധ്യാനചിന്തകൾ

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള
പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ
വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും
അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

9188379654

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

9188389654

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

# ഹെൽപ്പ് ഇന്ത്യ മിഷൻ

www.helpindiamission.com

# വിദ്യാ കിരൺ യോജന

നമ്മുടെ മിഷൻ ഫീൽഡുകളിലെ ആദിവാസികളായ മക്കൾക്ക് ഉന്നത വിദ്യാഭ്യാസവും തൊഴിൽ സാദ്ധ്യതയും നേടിക്കൊടുക്കുന്ന ഉപരിപഠനം സാധ്യമാക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. നന്നായി പഠിക്കുന്ന മക്കൾക്ക് അവർ ആഗ്രഹിക്കുന്ന ഏതു കോഴ്സിനും അഡ്മിഷൻ വാങ്ങിക്കൊടുത്ത് പഠിപ്പിച്ച് തൊഴിൽ ലഭ്യമാക്കണം. ഇതിനായി പ്രതിമാസം 10,000 രൂപയോ വർഷത്തിൽ ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെയും (ഹോസ്റ്റൽ ഫീസ് ഉൾപ്പെടെ) ആവശ്യമായി വരുന്നു. ഈ പദ്ധതിക്കു കീഴിൽ രജിസ്റ്റർ ചെയ്യുന്ന മക്കളെയെല്ലാം ഇപ്രകാരം ഉയർത്തിക്കൊണ്ടുവരാൻ നമ്മളാൽ ആവതു ചെയ്യുവാൻ കർത്താവ് സഹായിക്കുമെന്ന് വിശ്വസിക്കുന്നു.



പ്രീതി നാഗ്
(BSc Nursing)



റാണി നാഗ്
(BSc Nursing)



ഹിന കൈലാഷ് ചൗരേ
(GNM)



എസ്ത മരിയ പോൾ
(BSc Nursing)

**ധാരാളം മക്കൾ ആദിവാസി കുടിലുകളിൽ വിദ്യാഭ്യാസത്തിന്റെ വാതിൽ തുറന്ന്കിട്ടാത്തവരായി പുറത്തു നിൽക്കുന്നു. അവരെയും ഈ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുനടത്തുവാനുള്ള നമ്മുടെ ചുമതല നിറവേറ്റാൻ ഇതുമൂലം ഇടയാകട്ടേ.**

**ഈ സദുദ്യമത്തിൽ (വിദ്യാ കിരൺ യോജനയിൽ) താങ്കളും പ്രാർത്ഥനാപൂർവ്വം പങ്കാളിയാകുമല്ലോ!**

G Pay
Help India Mission
9188389654

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26) അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

**BANK DETAILS**

| | |
|---|---|
| HELP INDIA MISSION | V.P. MATHAI *(Official)* |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.06.2025

**ഗോസ്പൽ മെസഞ്ചർ** വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


# Morning Fellowship

**എല്ലാ ദിവസവും 5.40 am - 6.40 am**

**Google Meet Meeting Code : iib-yyvd-seq**

# രക്ഷാസന്ദേശം

**ടി. വി പ്രോഗ്രാം**

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച രാത്രി 9 ന്



## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.